TRUTH SHALL MAKE YOU FREE

# മലങ്കരസഭ

## മാസിക



മലങ്കരയിലെ പ്രഥമ കാതോലിക്കാ ബാവാ
ബസേലിയോസ് പൗലൂസ് പ്രഥമൻ.

ഓർമ്മ മെയ് 3



1987 മെയ്
ലക്കം 5
പുസ്തകം 41

# മലങ്കരസഭ

10-5-1987


# സണ്ടേസ്ക്കൂൾ ദിനം

## ജൂൺ 7 ഞായർ

### പ. ബാവാ തിരുമനസ്സിലെ കല്പന

പ്രിയരെ,

നമ്മുടെ സഭയിൽ കഴിഞ്ഞ ഏതാനും വർഷങ്ങളായി പെന്തിക്കോസ്തി ഞായറാഴ്ച സണ്ടേസ്ക്കൂൾ ദിനമായി ആചരിച്ചുവരികയാണല്ലൊ. ഈ വർഷം പെന്തിക്കോസ്തി ഞായറാഴ്ച ജൂൺ 7-ാം തീയതിയാണ്. മുൻ പതിവുപോലെ അന്നേദിവസം സണ്ടേസ്ക്കൂൾ ദിനമായി ആചരിക്കുകയും, സണ്ടേസ്ക്കൂൾ പ്രസ്ഥാനത്തിനുവേണ്ടി നിങ്ങൾ ഏവരും പ്രാർത്ഥിക്കുകയും ചെയ്യണമെന്ന് നാം നിങ്ങളെ ഉദ്ബോധിപ്പിക്കുന്നു.

നമ്മുടെ കുട്ടികളെ പ്രാർത്ഥന, നോമ്പ്, ആരാധനാനുഷ്ഠാന രീതികൾ, സഭാചരിത്രം, സത്യവിശ്വാസം, വി. വേദപുസ്തകം, സഭാജീവിത നിഷ്ഠകൾ എന്നിവകളിൽ വേണ്ടത്ര പരിജ്ഞാനമുള്ളവരായി ചെറുപ്പംമുതൽതന്നെ വളർത്തുന്നതിൽ സണ്ടേസ്ക്കൂൾ പഠനം വളരെയധികം സഹായിക്കുന്നുണ്ട്. നമ്മുടെ കുഞ്ഞുങ്ങളെ ദൈവവിശ്വാസമുള്ളവരും ധാർമ്മികമൂല്യങ്ങൾ മുറുകെ പിടിക്കുന്നവരുമായി വളർത്തിയെടുക്കേണ്ടതിൻെറ ആവശ്യകത മുമ്പത്തേക്കാളും അധികമായി വർദ്ധിച്ചിട്ടുള്ള ഒരു കാലഘട്ടമാണിത്. മാതാപിതാക്കന്മാർ ഈ സത്യം വേണ്ടവിധം മനസ്സിലാക്കുന്നുണ്ടോ എന്ന് നാം സംശയിക്കുന്നു. ഞായറാഴ്ചകളിൽ പള്ളിയാരാധനകൾക്കും, സണ്ടേസ്ക്കൂൾ പഠനത്തിനും പകരം സെക്കുലർ പഠനത്തിനും വിനോദപരിപാടികൾക്കും മററു കുട്ടികളെ

## ഈ ലക്കത്തിൽ


- * സണ്ടേസ്ക്കൂൾ ദിനം
- * അമേരിക്കൻ കത്ത്
- * ആത്മാഭിമാനം (Self – respect)
- * പ. എപ്പിസ്ക്കോപ്പൽ സുന്നഹദോസ്
- * സംശയങ്ങൾ ചോദിക്കുക
- * യേശുനാഥൻെറ പൂന്തോട്ടം
- * സഭാ മാനേജിംഗ് കമ്മററി
- * വ്യത്യസ്ത പാതയിൽ ചരിച്ചവനായ
- * നിയുക്ത കാതോലിക്കായുടെ അമേരിക്കൻ പര്യടനം
- * മലങ്കര നസ്രാണികളും ജാതിത്തലവന്മാരും
- * മിഷ്യൻപരിശീലനകേന്ദ്രം: പ്രതീക്ഷയും യാഥാർത്ഥ്യവും
- * സഭാവാർത്തകൾ
- * ബൈബിൾപഠനം
- * മലങ്കരസഭയുടെ ആയുഷ്ക്കാലവരിക്കാർ

അമേരിക്കൻ കത്ത്

# അമേരിക്കയിലെ ചില ദുഷ്പ്രവണതകൾ

(സ്വന്തം പ്രതിനിധി)

ചില പ്രൊട്ടസ്റ്റന്റ് സഭകളിൽ ആരംഭിച്ച് ഇതര ക്രൈസ്തവ സഭകളിൽ വ്യാപരിച്ച് അവയെ കാൻസറിന് തുല്യം നശിപ്പിച്ചുകൊണ്ടിരിക്കുന്നതായി മതത്തിന്റെയും മനുഷ്യത്വത്തിന്റെയും ധാർമ്മിക മൂല്യങ്ങളുടെ അന്തസത്തയെ ചോദ്യം ചെയ്തുകൊണ്ടുയർന്നിരുന്ന വിഷക്കാറുകൾ വത്തിക്കാനിലേക്കും അതിന്റെ കറുത്ത കാർമേഘ പടലങ്ങൾ പരത്തികൊണ്ടിരിക്കുന്നു. അകാനോനിക വിവാഹമോചനം, പുനർവിവാഹം, ഗർഭഛിദ്രം, സ്വവർഗഭോഗം, സ്ത്രീകളുടെ പൗരോഹിത്യം എന്നീ രോഗാണുക്കൾ റോമൻ കത്തോലിക്കാ സഭയെയും ബാധിക്കുമോ അതോ അതിനെ ചെറുത്തുനിൽക്കുവാനുള്ള ശക്തി ഈ സഭയ്ക്കുണ്ടോ? ഈ ചോദ്യത്തിനുള്ള ഉത്തരം നാളെയ്ക്ക് മാത്രമേ പറയുവാൻ കഴിയുകയുള്ളൂ. സഭയുടെ അന്തസത്തയേയും, ധാർമ്മികമൂല്യങ്ങളെയും ബലിയർപ്പിക്കുന്ന ഈ പുതിയ ചിന്താഗതികൾക്ക് എതിരായി തന്റെ ശക്തമായ പടവാൾ ഉയർത്തിക്കൊണ്ട് ശക്തവും ശാന്തഗംഭീരവുമായ സ്വരത്തിൽ മാർപ്പാപ്പാ ജോൺ പോൾ രണ്ടാമൻ അമേരിക്കയിലെ കത്തോലിക്കാ സംഘടനകൾക്കും വൈദിക മേലധികാരികൾക്കും മുന്നറിയിപ്പു നൽകിക്കഴിഞ്ഞിരിക്കുകയാണ്. പ്രൊട്ടസ്റ്റന്റ് സഭാനേതാക്കളും റോമൻ കത്തോലിക്കാ സഭയിലെ ധീരനായ കർദിനാൾ ഒക്കണോറും തമ്മിൽ നടത്തിയ വാദപ്രതിവാദങ്ങളും സ്വവർഗഭോഗികളെ അംഗീകരിക്കുവാനുള്ള ചില പ്രൊട്ടസ്റ്റന്റു സഭകളുടെ തീരുമാനവും ഇവിടത്തെ സാധാരണക്കാരുടെ ഇടയിൽപോലും ചിന്താക്കുഴപ്പം സൃഷ്ടിച്ചിരിക്കുകയാണ്.

അമേരിക്കയിലെ കാത്തലിക് ബിഷപ്പ്സ് ഓർഗനൈസേഷന്റെ പ്രസിഡണ്ടായ ബിഷപ്പ് ജെയിംസ് മലോണി വത്തിക്കാനെതിരായുള്ള തന്റെ ശക്തമായ നിലപാട് ഉറച്ച ശബ്ദത്തിൽ പ്രഖ്യാപിച്ചു കഴിഞ്ഞുവെന്നു മാത്രമല്ല അടുത്ത വർഷം മാർപ്പാപ്പാ അമേരിക്ക സന്ദർശിക്കുന്നതിനു മുമ്പായി ഈ പ്രശ്നങ്ങളെക്കുറിച്ചുള്ള വ്യക്തമായ തീരുമാനം അറിയിക്കണമെന്ന് മുന്നറിയിപ്പു

---

അയയ്ക്കുന്ന പ്രവണത നമ്മുടെ പല ഭവനങ്ങളിലും വർദ്ധിച്ചുവരുന്നതായി നാം അറിയുന്നു. അത് അപകടകരമാണെന്ന് നാം നിങ്ങളെ ഗുണദോഷിക്കുന്നു.

ആ ഇടവകയിലെ സണ്ടേസ്ക്കൂൾ പ്രവർത്തനങ്ങൾ കാര്യക്ഷമമായി നടത്തുന്നതിൽ വികാരിയും സഹപട്ടക്കാരും കമ്മററിയംഗങ്ങളും എല്ലാ മാതാപിതാക്കന്മാരും പ്രത്യേകം ശ്രദ്ധിക്കുകയും ആവശ്യമായ കൈത്താങ്ങലുകൾ നൽകുകയും ചെയ്യണം.

ഈ വർഷത്തെ സണ്ടേസ്ക്കൂൾ ദിനാചരണം വിജയിപ്പിക്കുന്നതിൽ നിങ്ങളേവരും പ്രത്യേകം ശ്രദ്ധിക്കണം. അതോടനുബന്ധിച്ച നടത്തുന്ന കവർ പിരിവും അന്നേദിവസത്തെ പള്ളികാണിക്കയും മുൻപതിവുപോലെ സണ്ടേസ്ക്കൂൾ ഡയറക്ടർ സി. വി. ജോർജ് കോറെപ്പിസ്ക്കോപ്പാ, ദേവലോകം, കോട്ടയം-38 എന്ന വിലാസത്തിൽ അയച്ചുകൊടുക്കണം. അന്നേദിവസം തവണയില്ലാത്ത പള്ളികളിൽ അതിനടുത്തു വരുന്ന ഞായറാഴ്ച സണ്ടേസ്ക്കൂൾ ദിനമായി ആചരിക്കേണ്ടതാണ്.

ശേഷം പിന്നാലെ,

സർവ്വശക്തനായ ദൈവത്തിന്റെ കൃപയും അനുഗ്രഹങ്ങളും നിങ്ങളെല്ലാവരോടുംകൂടെ സദാ വർദ്ധിച്ചിരിക്കുമാറാകട്ടെ.

1987 ഏപ്രിൽ 30-ാം തീയതി കോട്ടയം കാതോലിക്കേററ് അരമനയിൽനിന്ന്



നൽകിയിരിക്കുകയാണ്. ഗർഭഛിദ്രത്തിനും വിവാഹമോചനത്തിനും അനുകൂലിയായ റോമൻ കത്തോലിക്കാ ആർച്ചുബിഷപ്പ് റെയ്മണ്ട് ഹുന്തൗസെൻ സ്വവർഗഭോഗികൾക്ക് തന്റെ ഇടവകയിൽ അംഗത്വം നൽകുകയും കത്തോലിക്കേതർക്ക് വി. കുർബാന കൊടുക്കുകയും ചെയ്തതിനാൽ അദ്ദേഹത്തിനെതിരായി വത്തിക്കാനിൽനിന്നും നടപടി സ്വീകരിച്ചതിനോടു കൂടിയാണ് അമേരിക്കയിൽ റോമൻ കത്തോലിക്കാ സഭയ്ക്കെതിരായുള്ള ഈ വിപ്ളവം പൊട്ടിപുറപ്പെട്ടിരിക്കുന്നത്.

അമിതമായ സ്വാതന്ത്ര്യത്തിന്റെ ദുഷ്ഫലങ്ങൾ അതിന്റെ മട്ടോളം ഊററിക്കുടിച്ചുകൊണ്ടിരിക്കുന്ന അമേരിക്കൻ സമൂഹത്തിൽ എന്തും ചെയ്യുന്നതിനുള്ള സ്വാതന്ത്ര്യമാണ് ശരിയായ സ്വാതന്ത്ര്യമെന്നുള്ള നിലപാടു സ്വീകരിച്ചുകൊണ്ട് റോമൻ കത്തോലിക്കാ ബിഷപ്പുമാർതന്നെ രംഗപ്രവേശം ചെയ്തിരിക്കുന്നു. റോമാസഭയുടെ ചരിത്രത്തിൽ ഒരു വഴിത്തിരിവും സഭയുടെ തത്വങ്ങൾക്കും ധാർമ്മികമൂല്യങ്ങൾക്കും എതിരായുള്ള ഒരു വെല്ലുവിളിയുമാണ് ഇത്. പക്ഷെ ഭീഷണികളുടെ മുമ്പിൽ തലകുനിക്കാത്ത ജോൺ പോൾ രണ്ടാമന്റെ കൈകളിൽ റോമൻ കത്തോലിക്കാ സഭയുടെ വിശ്വാസസത്യങ്ങളും മാനവരാശിയുടെ ഭാവിയും ധാർമ്മികമൂല്യങ്ങളും കാത്തുസംരക്ഷിക്കപ്പെടുമെന്ന് അമേരിക്കയിലെ റോമൻ കത്തോലിക്കാ സഭാംഗങ്ങളിൽ ഒരു വലിയ വിഭാഗം വിശ്വസിക്കുന്നു.

—o—

---

## ഭിലായ് മിഷൻ

1972 ജൂലൈ 3-ാം തീയതി ആരംഭിച്ച ഭിലായ് സെ. തോമസ് മിഷന്റെ വിവിധ പ്രവർത്തനങ്ങൾ സംബന്ധിച്ച് അഭിവന്ദ്യ തേവോദോസ്യോസ് തിരുമേനിയുടെ ഒരു കത്ത് ഈ ലക്കം മാസികയുടെ കവർ മൂന്നാം പേജിൽ ചേർത്തിട്ടുണ്ട്. നമ്മുടെ സഭവക ഉത്തരേന്ത്യയിലുള്ള ഈ മിഷന്റെ വിവിധ നിലയിലുള്ള പ്രവർത്തനങ്ങൾക്ക് സഹായഹസ്തം നീട്ടിക്കൊടുക്കേണ്ടത് സഭാംഗങ്ങളുടെ കടമയാണ്. തിരുമേനി ആഗ്രഹിക്കുന്ന പ്രകാരം കഴിവുള്ളവരെല്ലാം 1000 രൂപാ അടച്ച് മിഷന്റെ ആയുഷ്ക്കാല മെമ്പർഷിപ്പോ, കുറഞ്ഞത് 25 രൂപ അടച്ച് അസോസ്യേററ് മെമ്പർഷിപ്പോ എടുത്ത് മിഷൻ പ്രവർത്തനങ്ങളെ പ്രോൽസാഹിപ്പിക്കുകയും അതിനുവേണ്ടി പ്രാർത്ഥിക്കുകയും ചെയ്യേണ്ടതാണ്.

(പത്രാധിപർ)

## വാർഷിക കോൺഫറൻസ്

ഓർത്തഡോക്സ് യുവജനസമാജം വാർഷിക കോൺഫറൻസ് മേയ് 8, 9, 10 തീയതികളിൽ ആലുവാ വൈ. എം. സി. എ ഹാളിൽവച്ച് നടത്തുന്നതാണ്.

## സണ്ടേസ്ക്കൂൾ ജനറൽബോഡി

ഓർത്തഡോക്സ് സിറിയൻ സണ്ടേസ്ക്കൂൾ അസോസ്യേഷൻ ജനറൽബോഡി മേയ് 1-ാം തീയതി കോട്ടയം ബസേലിയോസ് കോളേജ് ഓഡിറേറാറിയത്തിൽ ചേർന്ന് 1986-ലെ കണക്കും 1987-ലെ ബജററും പാസാക്കി. സമ്മേളനത്തിൽ അസോസ്യേഷൻ പ്രസിഡന്റ് മാത്യൂസ് മാർ കൂറിലോസ് തിരുമേനി അദ്ധ്യക്ഷം വഹിച്ചു. പ. കാതോലിക്കാബാവാ സമ്മേളനം ഉൽഘാടനം ചെയ്യുകയും സമ്മാനാർഹരായ കുട്ടികൾക്കുള്ള സമ്മാനങ്ങൾ വിതരണം ചെയ്യുകയും ചെയ്തു.

## തിരുത്ത്

ഏപ്രിൽ ലക്കം മാസികയിൽ ബൊക്കാറോ സ്ററീൽ പ്ളാന്റിൽനിന്ന് 8 ഏക്കർ സ്ഥലം ബൊക്കാറോ എം. ജി. എം. ഹൈസ്ക്കൂളിനുവേണ്ടി സെ. മേരീസ് ഇടവകയ്ക്ക് അനുവദിച്ചതായി ചേർത്തിരുന്നു. ഈ സ്ഥലം കൽക്കട്ടാ ഭദ്രാസനത്തിനാണ് അനുവദിച്ചത് എന്ന് ഔദ്യോഗിക വൃത്തങ്ങൾ അറിയിക്കുന്നു. 8 ഏക്കർ സ്ഥലവും 8 ലക്ഷം രൂപാ ലോണും സ്ററീൽ പ്ളാന്റിൽനിന്ന് അനുവദിച്ചിട്ടുണ്ട്.

## പുസ്തകങ്ങൾക്ക് വിലക്കുറവ്

## C. L. S. FAMILY BOOK FAIR - 1987

### മെയ് 18 മുതൽ 23 വരെ

അഭിരുചിക്കിണങ്ങിയ പുസ്തകങ്ങൾ വില കുറച്ചു വാങ്ങാൻ പ്രത്യേകം ക്രമീകരിക്കുന്ന ഒരു അവധിക്കാല പരിപാടിയാണ് സി. എൽ. എസ്. പുസ്തകമേള. മെയ് മാസം 18 മുതൽ 23 വരെയായിരിക്കും ഈ വർഷത്തെ പുസ്തകമേള. തിരുവല്ലായിൽ കുരിശുകവലയിലുള്ള സി. എൽ. എസ്. ബുക്ക്ഷോപ്പിൽ നിന്നും പ്രസ്തുത ആഴ്ചയിൽ താഴെപ്പറയുന്ന നിരക്കനുസരിച്ച് വിലക്കുറവോടുകൂടി പുസ്തകങ്ങൾ വാങ്ങാൻ സൗകര്യമുണ്ട്.

| | | |
|---|---|---|
| സി. എൽ. എസ്. മലയാളം പുസ്തകങ്ങൾക്ക് | | 33 1/3% വിലക്കുറവ് |
| റ്റി. എൽ. സി. | ,, ,, | 25% വിലക്കുറവ് |
| സി. എൽ. എസ്. ഇംഗ്ലീഷ് | ,, | 25% വിലക്കുറവ് |

മററ് ഇംഗ്ലീഷ്, മലയാളം ഗ്രന്ഥങ്ങൾക്ക്
5% മുതൽ 33 1/3% വരെ വിലക്കുറവ്

### പ്രീ പബ്ലിക്കേഷൻ സൗജന്യം

130 രൂപ വിലയുള്ള മലയാളം ബൈബിൾ നിഘണ്ടു 80 രൂപയ്ക്ക് കിട്ടുന്നതിനുള്ള പ്രീ പബ്ലിക്കേഷൻ രജിസ്ട്രേഷന്റെ കാലാവധി പുസ്തകമേള വരെ നീട്ടിയിരിക്കുന്നു. ഇപ്പോൾ 25 രൂപ അടച്ച് പേർ രജിസ്ററർ ചെയ്യുന്നവർക്കാണ് ഈ സൗജന്യം ലഭിക്കുക. ബാക്കി 55 രൂപ ആഗസ്ററുമാസത്തിൽ അടച്ചു പുസ്തകം കൈപ്പററാം. പുസ്തകം തപാലിൽ അയച്ചുതരണമെങ്കിൽ 10 രൂപ കൂടെ അടയ്ക്കണം.

ക്രൈസ്തവ സാഹിത്യകൃതികളോടൊപ്പം പൊതുവിജ്ഞാനഗ്രന്ഥങ്ങൾ, ഡിക്ഷണറികൾ, ഇംഗ്ലീഷ്-മലയാളം ചിത്രകഥകൾ മുതലായവയും ക്രൈസ്തവ ഗാനകാസററുകൾ, ഗ്രീററിംഗ് കാർഡുകൾ, സ്ററിക്കറുകൾ, വാക്യബോർഡുകൾ എന്നിവയും തിരുവല്ലാ സി. എൽ. എസിൽ നിന്ന് എപ്പോഴും ലഭിക്കുന്നതാണ്.

ക്രൈസ്തവസാഹിത്യ ശുശ്രൂഷയിൽ നിങ്ങളുടെ ഏവരുടെയും സഹകരണം അഭ്യർത്ഥിക്കുന്നു.

**മാനേജർ, സി. എൽ. എസ്. ബുക്ക്ഷോപ്പ്, തിരുവല്ല**


# ആത്മാഭിമാനം (Self-respect) (i)


## മാത്യൂസ് മാർ ബർന്നബാസ് മെത്രാപ്പോലീത്താ


"മനുഷ്യനിലുള്ള ബഹുമാനത്തിനും അഭിനന്ദനത്തിനുമുള്ള ദാഹം മറെറല്ലാ ദാനങ്ങളെക്കാളും ആഴമായിട്ടുള്ളതാകുന്നു." (The deepest craving in man is the craving for appreciation) പരിശുദ്ധമായ ആത്മാഭിമാനം മനുഷ്യനെ എല്ലാ നന്മകളിലും വളർത്തുന്നതും എല്ലാ തിന്മകളിൽ നിന്നും അകററുന്നതുമാണ്. ഇതിന്റെ വൈകൃത രൂപങ്ങളാണ് ദുരഭിമാനം (false prestige) നിഗളം, അഹങ്കാരം, കപടഭക്തി, മുഖസ്തുതിപ്രിയം മുതലായവ. അതിനാൽ ശരിയായ ആത്മാഭിമാനമെന്തെന്നും, അതുകൊണ്ടുള്ള പ്രയോജനങ്ങൾ ഏവയെന്നും; അത് എങ്ങനെ വളർത്തിയെടുക്കാമെന്നും ചിന്തിക്കാം.

### 1) എന്താണ് ആത്മാഭിമാനം?

നാം യഥാർത്ഥത്തിൽ ആരാണെന്ന വ്യക്തമായ ധാരണയും അതിൽനിന്നുളവാകുന്ന അഭിമാനബോധവുമാണ് ആത്മാഭിമാനംകൊണ്ട് ഉദ്ദേശിക്കുന്നത്.

### 2) നാം ആരാണ്?

നാം ദൈവത്തിന്റെ സാദൃശ്യത്തിലും സ്വരൂപത്തിലും സൃഷ്ടിക്കപ്പെട്ട ദൈവമക്കളാകുന്നു (ഉല്പ. 1:26, 27). ദൈവം മനുഷ്യനെ ദൈവത്തെക്കാൾ അല്പം മാത്രം താഴ്ത്തി തേജസ്സും ബഹുമാനവും അണിയിച്ചിരിക്കുന്നു (സങ്കീ. 8:5) എന്ന് സങ്കീർത്തനക്കാരൻ പറയുന്നു. അനേക സൗരയൂഥങ്ങൾ ഉള്ള ഈ പ്രപഞ്ചത്തിൽ മനുഷ്യൻ എത്രയോ നിസ്സാരനാകുന്നു! എന്നാൽ ദൈവദൃഷ്ടിയിൽ ഓരോ ദൈവപൈതലും വിലയേറിയതാണ്. ഒരു മനുഷ്യൻപോലും നശിച്ചുപോകാതെ എല്ലാവരും നിത്യജീവൻ പ്രാപിക്കേണ്ടതിനാണ് ദൈവം സ്വപുത്രനെ ലോകത്തിലേക്ക് അയച്ചത് (വി. യോഹ 3:16). ദൈവം സകല ജഡത്തിന്മേലും തന്റെ ആത്മാവിനെ പകരുമെന്ന് യോവേൽ പ്രവാചകൻ പറയുന്നു (യോവേ. 2:28, 29). പിതാവിന്റെ ഭവനത്തിൽ കർത്താവ് ഇരിക്കുന്നിടത്ത് നമ്മെ എല്ലാവരെയും ഇരുത്തുമെന്നും കർത്താവ് വാഗ്ദത്തം ചെയ്തിരിക്കുന്നു (വി. യോഹ. 14:1-3). കാണാതെപോയ ആടിനെ കണ്ടെത്തുന്നതുവരെ ഇടയൻ അന്വേഷിക്കുന്നതുപോലെ ദൈവം ഓരോ വ്യക്തിയേയും തേടിപുറപ്പെടുന്നു (വി. ലൂക്കോ. 15:1-7). ഒരു ശിശുവിനെപോലും തന്റെ നാമത്തിൽ കൈക്കൊള്ളുന്നവൻ കർത്താവിനെ ആണ് കൈക്കൊള്ളുന്നത് (വി. മത്താ. 18:5) എന്നും ഏററവും ചെറിയ ഒരു വ്യക്തിക്ക് ഇടർച്ച വരുത്തുന്നതിനേക്കാൾ ഹീനമായ മറെറാന്നുമില്ലെന്നും (വി. മത്താ. 18:6) ഏററവും ചെറിയ ഒരാൾക്ക് ചെയ്ത നന്മയെല്ലാം കർത്താവിനു ചെയ്തതാണെന്നും (വി. മത്താ. 25:40) ചെയ്യാതെപോയ നന്മയെ കർത്താവിനു ചെയ്യാതെപോയതാണെന്നും (വി. മത്താ. 25:45) കർത്താവ് പറയുന്നു.

സ്ത്രീപുരുഷഭേദമെന്യേ ഓരോ വിശ്വാസിയും വി. മാമോദീസായിൽകൂടി ദൈവത്തിന്റെ മകനും (മകളും) മണവാട്ടിയും കർത്താവിന്റെ ശരീരത്തിലെ അവയവും നിത്യജീവന്റെ അവകാശിയുമായിതീർന്നിരിക്കുന്നു. അതിനാൽ നാം നമ്മെത്തന്നെ എത്രയോ ബഹുമാനിക്കണം? നമുക്ക് ഇത്ര വലിയ സ്ഥാനമുണ്ടെങ്കിൽ ഏതൊരു കഷ്ടതയും സഹിച്ച് നമ്മുടെ അഭിമാനത്തെ കാക്കേണ്ടതാണ്. നമുക്കു നമ്മെക്കുറിച്ച് എത്രയോ അഭിമാനബോധമുണ്ടായിരിക്കണം? മററുള്ളവർ നമ്മെ ബഹുമാനിക്കത്തക്കവണ്ണം പെരുമാറണം.

### 3) അഭിമാനത്തിന്റെ വൈകൃത രൂപങ്ങൾ

എനിക്ക് സ്വന്തമായി ചിലതെല്ലാം ഉണ്ടെന്നും എനിക്കു സ്വയമായി പലതും സാധിക്കുമെന്നും ഞാൻ മററുള്ളവരേക്കാൾ ശ്രേഷ്ഠനാണെന്നുമുള്ള ചിന്താഗതിയാണ് ദുരഭിമാനത്തിനും നിഗളത്തിനും അഹങ്കാരത്തിനും കപടഭക്തിക്കും മുഖസ്തുതിപ്രിയത്തിനും വഴിയൊരുക്കുന്നത്. ഈ മിഥ്യാബോധം പലവിധ മത്സരങ്ങൾക്കും കലഹങ്ങൾക്കും ഭേദജാവധങ്ങൾക്കും പരസ്പരം നശിപ്പിക്കുന്ന മററു പല പ്രവർത്തനങ്ങൾക്കും കാരണമായിത്തീരുന്നു.

### 4) അപകർഷതാബോധവും (inferiority complex) അസൂയയും (Jealousy)

ശരിയായ ആത്മാഭിമാനമില്ലാതെ പോകുന്നവരിൽ കാണുന്ന മററുചില ദോഷങ്ങളാണ് അപ

കർഷതാബോധവും അസൂയയും. മററുള്ളവരുമായി താരതമ്യപ്പെടുത്തുമ്പോൾ കഴിവുകൾ കുറവാണെന്നു കണ്ടാൽ തന്നെക്കുറിച്ച് അപകർഷതാബോധവും കഴിവുകളുള്ളവരേക്കുറിച്ച് അസൂയയും ഉണ്ടാകുന്നു.

5) അഹങ്കാരവും മുഖസ്തുതിപ്രിയവും അപകർഷതാബോധവും അസൂയയും മാററുന്നതിനുള്ള മാർഗ്ഗങ്ങൾ.

1) ദൈവം തന്നതല്ലാതെ ആർക്കും ഒന്നുമില്ലെന്ന സത്യം മനസ്സിലാക്കണം. (1 കൊരി 4:7, അപ്പോ. 17:26) അധികം ലഭിച്ചവർ അഹങ്കരിക്കേണ്ടതില്ല, കുറച്ചു ലഭിച്ചവർ ദു:ഖിക്കേണ്ടതുമില്ല. 2) ജന്മനാ ദൈവം തന്നിട്ടുള്ള കഴിവുകളെക്കുറിച്ച് ചിന്തിക്കുമ്പോൾ നാമല്ല ദൈവമാണ് നാം ജനിച്ച കുടുംബങ്ങളെ തെരഞ്ഞെടുത്തതെന്ന് മനസ്സിലാക്കണം. ദൈവം ഇങ്ങനെ കുടുംബങ്ങൾ തെരഞ്ഞെടുത്തത് നമ്മുടെ ആരുടെയും യോഗ്യതയോ, അയോഗ്യതയോ നോക്കിയല്ലെന്നും മനസ്സിലാക്കണം. കാരണം, ഒന്നുമില്ലായ്മയിൽനിന്നാണ് ദൈവം നമ്മെ സൃഷ്ടിച്ചത്. അതിനാൽ ഉയർന്ന കുടുംബങ്ങളെക്കുറിച്ചു നാം അഹങ്കരിക്കുകയോ, താണ കുടുംബങ്ങളെക്കുറിച്ച് ദുഃഖിക്കുകയോ ചെയ്യുന്നത് ശരിയല്ല. 3) ഒരു ശരീരത്തിൽ വിവിധ അവയവങ്ങൾക്ക് വിവിധ കഴിവുകളാണുള്ളത്. അത് ആ കഴിവുകൾക്കനുസരണമായ ധർമ്മങ്ങൾ നിർവഹിക്കുന്നതിനാണ്. അതുപോലെ വിവിധ കഴിവുകൾ വ്യക്തികൾക്ക് നൽകിയിരിക്കുന്നത് മനുഷ്യസമുദായത്തിന്റെ പൊതുവായ നന്മയ്ക്കുവേണ്ടി സഹകരിച്ച് പ്രവർത്തിക്കുന്നതിനാണ്. വിവിധ അവയവങ്ങൾ അവയുടെ കഴിവുകളെ താരതമ്യപ്പെടുത്തുന്നു എന്ന് സങ്കല്പിക്കുക. അതെത്ര ബുദ്ധിശൂന്യമായിരിക്കും! അതുപോലെ ബുദ്ധിശൂന്യമായ പ്രവർത്തനമാണ് മനുഷ്യർ അവരുടെ കഴിവുകളെ താരതമ്യപ്പെടുത്തുന്നതും. അതിനാൽ കഴിവുകൾ നാം വർദ്ധിപ്പിക്കുന്നുണ്ടോ എന്നും അവ പൊതുവായ നന്മക്കായി ഉപയോഗപ്പെടുത്തുന്നുണ്ടോ എന്നുമാണ് ഏവരും ചിന്തിക്കേണ്ടത്. 4) കർത്താവിനെ പിരിഞ്ഞ് ആർക്കും ഒന്നും ചെയ്യാൻ വയ്യ. അതിനാൽ ഏതെങ്കിലും നന്മയെക്കുറിച്ച് ആർക്കും അഹങ്കരിക്കുവാൻ അവകാശമില്ല (അപ്പോ. 17:28, വി. യോഹ. 15:5, 1 കൊരി. 15:10, ഫിലി. 4:13) സകലത്തിലും ദൈവത്തിനാണ് മഹത്വം കൊടുക്കേണ്ടത്. 5) കർത്താവിന് കഴിവില്ലാത്തതിനാലോ സ്നേഹമില്ലാത്തതിനാലോ അല്ല കഴിവു കുറച്ചുകളഞ്ഞതെന്ന് കഴിവു കുറഞ്ഞവരെക്കുറിച്ചു നാം ചിന്തിക്കണം. ദൈവത്തിനു പക്ഷാഭേദമുണ്ടായിട്ടല്ല കഴിവു കൂടുതൽ കൊടുത്തതെന്ന് കഴിവു കൂടുതലുള്ളവരെക്കുറിച്ചും നാം ചിന്തിക്കണം. 6) ഒരു ദൈവപൈതലെന്നതിനേക്കാൾ ഉയർന്നതോ താണതോ ആയ സ്ഥാനം ആർക്കുമില്ല. സ്ത്രീയും പുരുഷനും പുരോഹിതനും അയ്മേനിയും (വിശ്വാസി) ദൈവപൈതൽ മാത്രമാണ്. എത്ര വലിയ പണ്ഡിതനും ഏതൊരു ഭോഷനും ദൈവത്തിന്റെ പൈതൽ മാത്രമാണ്.

6) യഥാർത്ഥ അറിവ് ആത്മാഭിമാനത്തെ വളർത്തും.

പുരാണത്തിൽ ഒരു കഥയുണ്ട്. തള്ളസിംഹം മരിച്ചതിനാൽ ഒരു സിംഹക്കുട്ടി ആടിന്റെ പാൽ കുടിച്ചു വളരാൻ ഇടയായി. ആട്ടിൻകുട്ടികളോടു ചേർന്ന് അതു ജീവിച്ചു. കുറെനാൾ കഴിഞ്ഞപ്പോൾ അവിടെ ഒരു സിംഹം വന്നു. സിംഹക്കുട്ടി ഇങ്ങനെ നടക്കുന്നതുകണ്ട് അവനോടു സിംഹം ചോദിച്ചു. ''നീ എന്തിനാണ് ഈ ആട്ടിൻകുട്ടികളുടെകൂടെ നടക്കുന്നത്? നീ സിംഹക്കുട്ടിയല്ലേ? അതിന് സിംഹക്കുട്ടി മറുപടി പറഞ്ഞു ''ഞാൻ സിംഹക്കുട്ടിയാണോ? എനിക്കറിഞ്ഞുകൂടാ''. അപ്പോൾ സിംഹം അവനെ ഒരു കുളത്തിന്നരികിൽ കൊണ്ടുപോയി വെള്ളത്തിൽ കാണുന്ന അവന്റെ മുഖം സിംഹത്തിന്റെ മുഖംപോലെയല്ലേ എന്നു ചോദിച്ചു. സിംഹക്കുട്ടി അവന്റെ പ്രതിഛായ കണ്ട് സന്തോഷിച്ച് ഞെളിഞ്ഞുനിന്ന് ഒന്ന് അലറി. ഇതുപോലെ നാം അപകർഷതാബോധവും അസൂയയും നീക്കി നമ്മുടെ സ്ഥാനത്തെക്കുറിച്ച് നാം അഭിമാനബോധമുള്ളവരായി ഉൽസാഹത്തോടെ പ്രവർത്തിച്ച് ഉയരണം.

—o—


**CENTURY AGENCY**
**AMBASSADOR CORPORATION**

**753 FRANKLIN AVENUE.**
**FRANKLIN SQUIRE, NEW YORK-11010.**
Phone: 516-872-2100

We are original builders of Parish Real Estate
Contact us for fast and profitable
Real Estate Transaction in the U.S.A.
Mortgage Money Available in any amount to all qualified buyers.

**E. I. Abraham Omallur, M.B.A; G.R.I.**




# പ. എപ്പിസ്ക്കോപ്പൽ സുന്നഹദോസ്

[ കഴിഞ്ഞ ലക്കം മാസികയിൽ ഫെ. 23 മുതൽ നടന്ന പ. എപ്പിസ്ക്കോപ്പൽ സുന്നഹദോസിലെ തീരുമാനങ്ങൾ പ്രസിദ്ധപ്പെടുത്തിയിരുന്നതിന്റെ ബാക്കി ഭാഗമാണ് താഴെ ചേർക്കുന്നത്. ]

## പട്ടക്കാരുടെ സേവന വേതന വ്യവസ്ഥകൾ

പട്ടക്കാരുടെ സേവന വേതന വ്യവസ്ഥകൾ സംബന്ധിച്ച കമ്മീഷന്റെ ഇടക്കാലറിപ്പോർട്ട് തോമസ് മാർ അത്തനാസിയോസ് എപ്പിസ്ക്കോപ്പാ യോഗത്തിൽ അവതരിപ്പിച്ചു. ഫൈനൽ റിപ്പോർട്ട് അടുത്ത സുന്നഹദോസ് യോഗത്തിൽ സമർപ്പിക്കണമെന്ന് യോഗം നിർദ്ദേശിച്ചു.

## നിരണം പള്ളി പ്രശ്നം

1986 ജൂലൈയിലെ സുന്നഹദോസ് നിശ്ചയപ്രകാരം നിരണം വലിയപള്ളിയിൽ നിലവിലിരിക്കുന്ന പ്രശ്നങ്ങൾ പഠിച്ച് റിപ്പോർട്ടു ചെയ്യുന്നതിന് നിയമിക്കപ്പെട്ടിരുന്ന കമ്മീഷന്റെ റിപ്പോർട്ട് തോമസ് മാർ അത്തനാസിയോസ് എപ്പിസ്ക്കോപ്പാ യോഗത്തിൽ സമർപ്പിച്ചു.

റിപ്പോർട്ട് യോഗത്തിൽ വായിച്ചു ചർച്ച ചെയ്തതിൽ നിരണം പള്ളിയിൽ നിലവിലിരിക്കുന്ന തർക്കങ്ങൾക്ക് ബന്ധപ്പെട്ട എല്ലാവരുമായും ആലോചിച്ചശേഷം പരിഹാരം നിർദ്ദേശിച്ചുകൊണ്ട് ആ പള്ളിക്ക് പ. കാതോലിക്കാബാവാ തിരുമനസുകൊണ്ട് അയച്ച 1983 നവംബർ 7–ാം തിയതിയിലെ 290/83–ാം നമ്പർ കല്പനയും മട്ടയ്ക്കൽ ജോർജ് കത്തനാരെ ആ പള്ളിവികാരിയായി നിയമിച്ചുകൊണ്ട് ആ പള്ളിക്ക് പ. കാതോലിക്കാബാവാ തിരുമനസുകൊണ്ട് അയച്ച 1985 ഒക്ടോബർ 3–ാം തിയതിയിലെ 310/85–ാം നമ്പർ കല്പനയും ബന്ധപ്പെട്ട എല്ലാവരും അംഗീകരിച്ചുകൊണ്ട് തർക്കങ്ങൾ അവസാനിപ്പിക്കണമെന്ന് ഇടവകയിലെ എല്ലാവരോടും അഭ്യർത്ഥിക്കണമെന്ന് യോഗം നിശ്ചയിച്ചു.

കൂടാതെ ആ പള്ളിയിലെ അസിസ്റ്റന്റു വികാരിയായി നിയമിക്കപ്പെടുന്ന പട്ടക്കാരൻ ആ പള്ളിയിലെ സഹപട്ടക്കാരൻ ആയിരിക്കണമെന്നും ആ പള്ളിയിലെ ആൽമീയകാര്യങ്ങൾ നടത്തുന്നതിന് ആ പള്ളിയിലെ മററു സഹപട്ടക്കാർക്കുള്ളതുപോലെ അവകാശവും സ്വാതന്ത്ര്യവും അയാൾക്കും ഉണ്ടായിരിക്കണമെന്നും നിശ്ചയിച്ചു.

### സെ. പോൾസ് മിഷ്യൻ കേന്ദ്രഭരണഘടന

ഈ ഭരണഘടന 1986 ജൂലൈ സുന്നഹദോസ് നിശ്ചയപ്രകാരം തയ്യാറാക്കിയിട്ടില്ലാത്തതിനാൽ ഈ വിഷയം അടുത്ത യോഗത്തിലേക്കു മാററി വച്ചു.

### പ്രാർത്ഥനായോഗഭരണഘടന

പള്ളികളിൽ ഇപ്പോഠം നിലവിലിരിക്കുന്ന പ്രാർത്ഥനായോഗങ്ങഠം ഏകീകരിക്കുന്നതിനെ പററി യോഗം ആലോചിച്ചു. ആയതിന് ആവശ്യമായ ഒരു നിയമാവലി തയ്യാറാക്കി അടുന്ന സുന്നഹദോസിൽ സമർപ്പിക്കുന്നതിന് തോമസ് മാർ അത്തനാസിയോസ് എപ്പിസ്കോപ്പായെ ചുമതലപ്പെടുത്തി.

### സണ്ടേസ്ക്കൂൾ ഭരണഘടനയുടെ ഭേദഗതി

പൗരസ്ത്യ ഓർത്തഡോക്സ് സിറിയൻ സണ്ടേസ്ക്കൂഠം അസോസിയേഷന്റെ നിലവിലുള്ള ഭരണഘടനയും ഓ. വി. ബി. എസിന്റെ ഭരണഘടനയുംകൂടി ചേർത്ത് ചില ഭേദഗതികളോടുകൂടി തയ്യാറാക്കി സണ്ടേ സ്ക്കൂഠം അസോസിയേഷൻ ജനറൽബോഡി കഴിഞ്ഞ മെയ് ഒന്നാം തീയതി പാസസാക്കി പ. സുന്നഹദോസിന്റെ അംഗീകാരത്തിനായി സമർപ്പിച്ചിരുന്നത് യോഗം ചർച്ചചെയ്തു. ഇപ്രകാരം ഒരു ഭരണഘടനാ ഭേദഗതി നടപ്പിലാക്കുന്നതിനെതിരായി ഓ. വി. ബി. എസ്. പ്രവർത്തകരായ ഫാ. എം. വി. പൗലൂസ്, ഫാ. എം. സി. ജോർജ് എന്നിവരിൽനിന്നും ലഭിച്ച പരാതികഠം യോഗത്തിൽ വായിച്ചു.

യോഗം ഇതേപ്പററി ചിന്തിച്ചതിൽ കൂടുതൽ പഠനം ആവശ്യമാണെന്നു കാണുകയാൽ ഇപ്രകാരം ഒരു ഭരണഘടനാ ഭേദഗതി ഇപ്പോഠം അത്യാവശ്യമുണ്ടോ? ഓ. വി. ബി. എസിനു പ്രത്യേകമായി ഇപ്പോഠം നിലവിലുള്ള ഭരണഘടന ഇല്ലാതാക്കണമോ? ആയത് ഓ. വി. ബി. എസിന്റെ സ്വാതന്ത്ര്യവും സുഗമവുമായ പ്രവർത്തനത്തിന് മതിയായതാണോ? ഇതിനെയെല്ലാം പററി പഠിച്ച് അടുത്ത സുന്നഹദോസിൽ റിപ്പോർട്ടു സമർപ്പിക്കുന്നതിന് മാത്യൂസ് മാർ കൂറിലോസ് മെത്രാപ്പോലീത്താ (കൺവീനർ), ഫിലിപ്പോസ് മാർ യൗസേബിയൂസ് എപ്പിസ്കോപ്പാ, പൗലൂസ് മാർ മിലീത്തിയോസ് എപ്പിസ്കോപ്പാ എന്നിവരെ ചുമതലപ്പെടുത്തണമെന്നു യോഗം നിശ്ചയിച്ചു.

## അദ്ധ്യക്ഷൻ അനുവദിക്കുന്ന ഇതര വിഷയങ്ങൾ

### തുമ്പമൺ മെത്രാസന കൗൺസിലിന്റെ അപേക്ഷ

മെത്രാസന മെത്രാപ്പോലീത്താമാരുടെയും അസിസ്ററന്റുമാരുടെയും ചുമതലകഠം, അധികാരങ്ങഠം മുതലായവ സംബന്ധിച്ച് 8–4–1986–ലെ 95/86–ാം നമ്പർ കല്പനപ്രകാരം പ. കാതോലിക്കാബാവാ തിരുമനസുകൊണ്ട് നടപ്പിൽ വരുത്തിയിട്ടുള്ള നിയമങ്ങഠം തുമ്പമൺ മെത്രാസനത്തിൽ പാലിക്കപ്പെടുന്നില്ലെന്നും മററും കാണിച്ച് തുമ്പമൺ മെത്രാസന കൗൺസിൽ അംഗങ്ങഠം 12-2-87-ൽ പ. സുന്നഹദോസിനു സമർപ്പിച്ച പരാതി യോഗത്തിൽ വായിച്ചു.

മെത്രാസനംവക പണം മെത്രാസന മെത്രാപ്പോലീത്തായുടെയും അസിസ്ററന്റിന്റെയും പേരിൽ കൂട്ടായി നിക്ഷേപിക്കേണ്ടതാകുന്നുവെന്ന് വ്യവസ്ഥ ഉണ്ടെങ്കിലും തുമ്പമൺ മെത്രാസനത്തിൽ ആയത് ഇതുവരെ നടപ്പിലായിട്ടില്ലെന്നും ഭരണകാര്യങ്ങളിൽ മെത്രാപ്പോലീത്തായും അസിസ്ററന്റും സഹകരിച്ച് പ്രവർത്തിക്കുവാൻ സാധിക്കുന്നില്ലെന്നും മററും പരാതിയിൽ പറഞ്ഞിട്ടുണ്ട്. ഇതു സംബന്ധിച്ച് ദാനിയേൽ മാർ പീലക്സിനോസ് മെത്രാപ്പോലീത്താ നൽകിയ വിശദീകരണത്തിൽ മെത്രാസനംവക പണം ഇതുവരെ അസിസ്ററന്റിന്റെയും കൂടി പേരിൽ ജോയിന്റ് അക്കൗണ്ട് ആക്കിയിട്ടില്ലെന്നും അതിന് പ്രത്യേക കാരണങ്ങഠം ഒന്നുമില്ലെന്നും താമസിയാതെ മെത്രാസനംവക അക്കൗണ്ട് അസിസ്ററന്റിന്റെയും കൂടി പേരിൽ ജോയിന്റ് അക്കൗണ്ട് ആയി മാററിക്കൊള്ളാമെന്നും ഭരണകാര്യങ്ങളിൽ ഇരുവരും സഹകരിച്ചു പ്രവർത്തിക്കുന്നതിന് തടസമില്ലെന്നും പറഞ്ഞു.

മെത്രാസനത്തിന്റെ ഭരണപരമായ എല്ലാ കാര്യങ്ങളും വൈദികരുടെ നിയമനം, സ്ഥലംമാററം മുതലായവയും ദാനിയേൽ മാർ പീലക്സിനോസ് മെത്രാപ്പോലീത്താ ഫിലിപ്പോസ് മാർ യൗസേബിയൂസ് എപ്പിസ്കോപ്പായുമായി ആലോചിച്ചും സഹകരിച്ചും പ്രവർത്തിക്കണമെന്ന് യോഗം ഇരുവരോടും ആവശ്യപ്പെട്ടു. ഇരുവരും അതു സമ്മതിച്ചു.

### കൊച്ചി മെത്രാസനഭരണം

കൊച്ചി മെത്രാസനത്തിന്റെ അസിസ്ററന്റായിരുന്ന യാക്കൂബ് മാർ പോളിക്കർപ്പോസ് മെത്രാപ്പോലീത്താ കാലംചെയ്തതിനാൽ കൊച്ചി മെത്രാസന ഭരണകാര്യങ്ങളിൽ യൂഹാനോൻ മാർ സേവേറിയോസ് മെത്രാപ്പോലീത്തായെ സഹായിക്കുന്നതിന് പെങ്ങാമുക്കു പള്ളിവികാരി തണ്ണിക്കോട്ടിൽ കുര്യാക്കോസ് കത്തനാരെ നിയമിക്കണമെന്നു യോഗം നിശ്ചയിച്ചു.



### മിലീത്തിയോസ് എപ്പിസ്ക്കോപ്പാ വൈദികസംഘം വൈസ് പ്രസിഡണ്ട്

സെന്റ് തോമസ് ഓർത്തഡോക്സ് വൈദികസംഘത്തിന്റെ ഉത്തരമേഖല വൈസ് പ്രസിഡണ്ടായിരുന്ന യാക്കൂബ് മാർ പോളിക്കർപ്പോസ് മെത്രാപ്പോലീത്താ കാലംചെയ്തതിനാൽ തൽസ്ഥാനത്ത് കുന്നംകുളം മെത്രാസനത്തിന്റെ പൗലൂസ് മാർ മിലീത്തിയോസ് എപ്പിസ്ക്കോപ്പായെ നിയമിക്കുന്നതിന് യോഗം നിശ്ചയിച്ചു.

കൂടാതെ സെ. തോമസ് ഓർത്തഡോക്സ് വൈദികസംഘത്തിന്റെ ആഭിമുഖ്യത്തിൽ ഇൻവാലിഡ് ക്ളെർജി ഫണ്ടായി ഒരു ലക്ഷം രൂപയുടെ ഒരു എൻഡോവ്മെന്റ് ആരംഭിക്കുവാൻ തീരുമാനിച്ചിട്ടുള്ളത് യോഗം അംഗീകരിച്ചു.

വൈദികസംഘത്തിന്റെ ആഭിമുഖ്യത്തിൽ വൈദികർക്കായി പ്രസിദ്ധീകരിച്ചുകൊണ്ടിരിക്കുന്ന പുരോഹിതൻ മാസികയുടെ വരിസംഖ്യ ഇനത്തിലും മററുമായി വൈദികരിൽ നിന്നും ആണ്ടുതോറും പത്തു രൂപാ പിരിച്ചെടുക്കുന്നത് ബുദ്ധിമുട്ടാണെന്നും ആ തുക എല്ലാ മെത്രാസനങ്ങളും ശേഖരിച്ച് വൈദികസംഘം സെക്രട്ടറിയെ ഏൽപ്പിക്കുന്നത് സഹായകരമായിരിക്കുമെന്നും അപ്രകാരം എല്ലാ മെത്രാസനങ്ങളും ചെയ്യണമെന്നും വൈദികസംഘം പ്രസിഡണ്ട് പൗലൂസ് മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്താ സമർപ്പിച്ച അപേക്ഷ യോഗം സ്വീകരിച്ചു.

### പള്ളിശുശ്രൂഷകർ

സഭയിലെ എല്ലാ പള്ളികളിലെയും പള്ളിശുശ്രൂഷകരെ സംഘടിപ്പിച്ച് അവർക്കായി ഒരു സംഘടന രൂപീകരിക്കണമെന്നുള്ള കോട്ടയം മെത്രാസനത്തിലെ പള്ളിശുശ്രൂഷകരുടെ അപേക്ഷ യോഗത്തിൽ വായിച്ചു. യോഗം ഇതേപ്പററി ചിന്തിച്ചതിൽ എല്ലാ മെത്രാസനങ്ങളിലും മെത്രാസനാടിസ്ഥാനത്തിൽ ശുശ്രൂഷകരുടെ സംഘങ്ങഠം രൂപീകരിക്കണമെന്നും അവർക്ക് ആവശ്യമായ പരിശീലനങ്ങഠം നൽകണമെന്നും ആയതിന് അതാത് ഇടവക മെത്രാപ്പോലീത്താമാർ വേണ്ടതു പ്രവർത്തിക്കണമെന്നും നിശ്ചയിച്ചു.

### CASA-യുടെ പ്രതിനിധി

ക്രിസ്ററ്യൻ അസോസിയേഷൻ ഓഫ് സൗത്ത് ഏഷ്യയുടെ മീററിംഗുകളിൽ സംബന്ധിക്കുന്നതിന് മലങ്കര ഓർത്തഡോക്സ് സഭയുടെ പ്രതിനിധിയായി പൗലൂസ് മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്തായെ നിയമിക്കുന്നതിന് നിശ്ചയിച്ചു.

### ചെങ്ങന്നൂർ മെത്രാസനം

ചെങ്ങന്നൂർ മെത്രാസനത്തിൽ നിലവിലുള്ള പട്ടക്കാരുടെ കുറവ് നികത്തുന്നതിന് വൈദിക സെമിനാരിപഠനം ഇല്ലാത്ത ഏതാനു പേർക്ക് ഹ്രസ്വകാല പരിശീലനം നൽകി വൈദികപട്ടം കൊടുക്കുന്നതിന് അനുവദിക്കണമെന്നുള്ള ചെങ്ങന്നൂർ മെത്രാസനത്തിന്റെ തോമസ് മാർ അത്തനാസിയോസ് എപ്പിസ്ക്കോപ്പായുടെ അപേക്ഷയെപ്പററി യോഗം ചിന്തിച്ചു. അത്യാവശ്യമെങ്കിൽ വൈദികസ്ഥാനത്തിന് യോഗ്യരായ ആളുകഠംക്ക് വേണ്ടത്ര പരിശീലനം നൽകിയശേഷം പട്ടം കൊടുക്കാവുന്നതാണെന്ന് അദ്ധ്യക്ഷൻ തിരുമേനി നിർദ്ദേശിച്ചതിനെ യോഗം അംഗീകരിച്ചു.

**മദ്ധ്യസ്ഥതയാലുള്ള ഉപകാരസ്മരണയ്ക്ക്**



ലിസ് ഈപ്പൻ, കോഴിക്കോട്.

## ഗൾഫ് ഇടവകകൾ

ഗൾഫ് രാജ്യങ്ങളിലുള്ള ഇടവകകൾക്ക് വൈദികരെ അയയ്ക്കുന്ന കാര്യത്തിൽ ബോംബെ, കൽക്കട്ടാ, ഡൽഹി എന്നീ മെത്രാസനങ്ങളിലെ മെത്രാപ്പോലീത്തന്മാർ ആലോചിച്ചും സഹകരിച്ചും പ്രവർത്തിക്കണമെന്ന് സുന്നഹദോസ് നിശ്ചയിച്ചു.

## വൈദികരുടെ വിവാഹം

കശ്ശീശാ സ്ഥാനമേററശേഷം വിവാഹം കഴിക്കുന്ന പട്ടക്കാർ കർമ്മം നടത്തുന്നത് കാനോൻ നിശ്ചയങ്ങൾക്കും സഭാനടപടികൾക്കും വിരുദ്ധമാണെങ്കിലും വൈദീകനായശേഷം വിവാഹം കഴിക്കുന്നവരുടെ കാര്യത്തിൽ സന്യാസിവസ്ത്രം സ്വീകരിച്ചശേഷം വിവാഹം കഴിക്കുന്ന പട്ടക്കാരെയും സന്യാസവസ്ത്രം സ്വീകരിക്കാതെ പട്ടക്കാരനായശേഷം വിവാഹിതരാകുന്ന പട്ടക്കാരെയും ഒരേ രീതിയിൽ പരിഗണിക്കുന്നത് ശരിയല്ലെന്നും രണ്ടാമത്തെ ഗണത്തിൽ പെടുന്നവരുടെ കാര്യത്തിൽ സഭാശിക്ഷണത്തിന് വിഘ്നം വരാത്ത വിധത്തിൽ താഴെ കുറിക്കുന്ന വിട്ടുവീഴ്ചകൾ ചെയ്യേണ്ടതാണെന്നും പ. സുന്നഹദോസ് അഭിപ്രായപ്പെട്ടു.

1. ഏതെങ്കിലും വൈദികൻ വിവാഹം ചെയ്യുന്നതിനായി അനുവാദം അഭ്യർത്ഥിക്കുമ്പോൾ ചുമതലക്കാരനായ മെത്രാപ്പോലീത്താ ആവശ്യമെന്നു കാണുന്നപക്ഷം വിവാഹം ചെയ്യുന്നതിന് അയാളെ അനുവദിച്ചുകൊണ്ടും അതോടൊന്നിച്ചു തന്നെ പട്ടത്വത്തിനടുത്ത എല്ലാ അധികാരങ്ങളിൽ നിന്നും കർമ്മാനുഷ്ഠാനങ്ങൾ നടത്തുന്നതിൽനിന്നും അയാളെ സ്ഥിരമായി നിരോധിച്ചുകൊണ്ടുമുള്ള ഒരു കല്പന നൽകേണ്ടതാണ്.

2. വൈദികനായശേഷം അധികാരപ്പെട്ട മെത്രാപ്പോലീത്തായുടെ അനുവാദം കൂടാതെയോ ഇതരസഭകളിൽ ചേർന്നോ വിവാഹം ചെയ്യുന്ന പട്ടക്കാരൻ വൈദികവൃത്തിയിൽനിന്ന് നിരോധിക്കപ്പെടുന്നതോടൊപ്പം സന്യാസവ്രതം സ്വീകരിച്ചിട്ടുള്ള പട്ടക്കാരനാണെങ്കിൽ അയാളുടെ സന്യാസവസ്ത്രങ്ങൾ ഉരിഞ്ഞുകളഞ്ഞുകൊണ്ടുള്ള കല്പനകൂടി കൊടുക്കേണ്ടതാണ്.

3. അധികാരപ്പെട്ട മെത്രാപ്പോലീത്തായുടെ അനുവാദത്തോടുകൂടി വിവാഹം കഴിച്ചിട്ടുള്ള, സന്യാസവ്രതത്തിന്റെ പൂർണ്ണപ്രതിജ്ഞ ചെയ്തിട്ടില്ലാത്ത, പട്ടക്കാരുടെ കാര്യത്തിൽ അവരുടെ കൂദാശപരമായ അധികാരങ്ങൾ പുന:സ്ഥാപിക്കുന്ന കാര്യം വിവാഹശേഷം 20 വർഷത്തേക്ക് പരിഗണിച്ചുകൂടാത്തതാകുന്നു. വിവാഹശേഷം 20 വർഷക്കാലമെങ്കിലും സഭാശിക്ഷണത്തിന് വിധേയമായും മേലധികാരിയുടെ കല്പന ലംഘിക്കാതെയും നല്ല ജീവിതം നയിച്ചിട്ടുള്ള സന്യാസിയല്ലാത്ത പട്ടക്കാരൻ പൗരോഹിത്യ നടപടികൾ നടത്തുന്നതിനുള്ള അധികാരം തനിക്ക് വീണ്ടും നൽകണമെന്ന് യഥാർത്ഥ അനുതാപത്തോടുകൂടി അപേക്ഷിക്കുന്നപക്ഷം ആ പ്രത്യേക വ്യക്തിയുടെ ജീവിതവും സാഹചര്യങ്ങളും കണക്കിലെടുത്തുകൊണ്ട് പ്രസ്തുത അപേക്ഷ പ. സുന്നഹദോസ് പരിഗണിക്കാവുന്നതും വേണ്ട നടപടികൾ സ്വീകരിക്കാവുന്നതുമാണ്.

4. എന്നാൽ അങ്ങിനെ പൗരോഹിത്യ അധികാരങ്ങൾ വീണ്ടും നൽകപ്പെടുന്ന പട്ടക്കാരനെ ഒരിടവക വികാരിയായി നിയമിച്ചുകൂടാത്തതാകുന്നു.

## വാകത്താനം ഓർത്തഡോക്സ് ക്രിസ്ത്യൻ സെൻറർ

വാകത്താനം ഞാലിയാകുഴി കവലയ്ക്കടുത്തുള്ള ഓർത്തഡോക്സ് ക്രിസ്ത്യൻ സെൻറർ സംബന്ധിച്ച് നിലവിലിരുന്ന തർക്കങ്ങളും കേസുകളും തീർത്തതായും വസ്തുക്കളുടെ അതിരുകളും മററും ശരിയാക്കി അവിടെ ഉണ്ടായിരുന്ന കെട്ടിടവും ചാപ്പലും കേടുപാടുകൾ നീക്കി വൃത്തിയാക്കിയതായും അദ്ധ്യക്ഷൻ തിരുമേനി യോഗത്തെ അറിയിച്ചു. അവിടെ ഇപ്പോൾ ഏകദേശം 11/2 ഏക്കറോളം സ്ഥലം തിരുമനസ്സിലെ പേരിൽ ഉണ്ടെന്നും ആ സ്ഥാപനത്തിന്റെ തൽക്കാല ചുമതല സണ്ടേസ്കൂൾ ഡയറക്ടർ ജനറൽ സി. വി. ജോർജ്ജ് കോറെപ്പിസ്ക്കോപ്പായെ ഏല്പിച്ചിരിക്കുകയാണെന്നും തിരുമേനി പ്രസ്താവിച്ചു.

## അനുശോചനം

റോമൻ കത്തോലിക്കാസഭയിലെ കർദ്ദിനാളായിരുന്ന ആർച്ചു ബിഷപ്പ് ജോസഫ് പാറേക്കാട്ടിൽ തിരുമേനിയുടെയും സി. എസ്. ഐ. മദ്ധ്യകേരള മഹാ ഇടവയുടെ ബിഷപ്പായിരുന്ന റിട്ടയർ ചെയ്ത എം. എം. ജോൺ തിരുമേനിയുടെയും നിര്യാണത്തിൽ പ. സുന്നഹദോസ് അനുശോചനം രേഖപ്പെടുത്തുകയും അവരുടെ ആത്മശാന്തിക്കായി പ്രാർത്ഥിക്കുകയും ചെയ്തു.

## ധ്യാനപ്രസംഗം

എല്ലാ ദിവസവും യോഗാരംഭത്തിനു മുമ്പ് അര മണിക്കൂർവീതം സങ്കീർത്തനങ്ങളെ അടിസ്ഥാനമാക്കി പൌലൂസ് മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്താ ആത്മീയ പ്രചോദനപരവും വിജ്ഞാനപ്രദവും ആയ ധ്യാനപ്രസംഗങ്ങൾ നടത്തി.

ഒന്നാം ദിവസം 23–ാം സങ്കീർത്തനത്തെ അടിസ്ഥാനമാക്കിയും പിന്നീടുള്ള ദിവസങ്ങളിൽ യഥാക്രമം 45, 141, 142 എന്നീ സങ്കീർത്തനങ്ങളെ അടിസ്ഥാനമാക്കിയും ആയിരുന്നു ധ്യാനപ്രസംഗങ്ങൾ.

## ഉപസംഹാരം

സഭയുടെ പൊതുവായ കാര്യങ്ങളിലും പ. സുന്നഹദോസിന്റെ പ്രവർത്തനങ്ങളിലും പ. സുന്നഹദോസ് അംഗങ്ങൾ നൽകിക്കൊണ്ടിരിക്കുന്ന വിലയേറിയ സഹകരണങ്ങൾക്ക് പ. ബാവാ തിരുമേനി കൃതജ്ഞത പ്രകടിപ്പിച്ചു.

പ. സുന്നഹദോസ് അംഗങ്ങളെ പ്രതിനിധീകരിച്ചുകൊണ്ട് പൌലൂസ് മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്താ സഭയുടെയും പ. സുന്നഹദോസ് അംഗങ്ങളായ ഏവരുടെയും നേതാവായി പ. ബാവാ തിരുമേനിയെ ലഭിച്ചത് വലിയ ഭാഗ്യമാണെന്നും ആയതിന് ഏവരും ദൈവത്തോടു കൃതജ്ഞതയുള്ളവരായിരിക്കണമെന്നും പ്രസ്താവിച്ചു. എല്ലാവരേയും ഒന്നുപോലെ സ്നേഹിക്കുകയും അതേസമയം ആവശ്യമുള്ളപ്പോൾ ശാസിക്കുകയും തെററുകൾ കർശനമായി ചൂണ്ടിക്കാണിക്കുകയും തുറന്നു പറയുകയും അപ്രകാരം തെററുകളിൽനിന്ന് പിതൃസഹജമായ സ്നേഹത്തോടെ നമ്മേ നേരെയാക്കുകയും ചെയ്യുന്ന തിരുമനസ്സിലെ കരുതൽ വിലയേറിയതാണ്. എല്ലാ ദിവസവും വളരെ സമയം ആരോഗ്യം കണക്കാക്കാതെ സഭയുടെ വിവിധ ആവശ്യങ്ങൾക്കായി കഠിനമായി അദ്ധ്വാനിക്കുന്ന തിരുമേനി ഏവർക്കും മാതൃകയാണ്. ഏതു സംഗതിയിലും സത്യവും മർമ്മവും കാണുവാനുള്ള കുശാഗ്രബുദ്ധിയും പെട്ടെന്നു കാര്യങ്ങളുടെ നിജസ്ഥിതി ഗ്രഹിക്കുവാനുള്ള തിരുമേനിയുടെ കഴിവും കഴിഞ്ഞ കാലങ്ങളിൽ സഭയുടെ വളർച്ചയ്ക്കും ഉന്നമനങ്ങൾക്കും കാരണമായി തീർന്നിട്ടുണ്ട് എന്നും തിരുമേനി എടുത്തുപറഞ്ഞു. ഇപ്രകാരം പ. ബാവാ തിരുമേനിയെ പ. സഭയ്ക്കു ലഭിച്ചതിൽ ദൈവത്തെ സ്തുതിക്കുകയും കൃതജ്ഞത അർപ്പിക്കുകയും ചെയ്തു.

പ്രാർത്ഥനയോടും അദ്ധ്യക്ഷൻ തിരുമേനിയുടെ ആശീർവാദത്തോടുംകൂടി 27–ാം തീയതി വെള്ളിയാഴ്ച ഉച്ചയ്ക്ക് 12½ മണിക്ക് പ. സുന്നഹദോസ് യോഗം പര്യവസാനിച്ചു.

—•—



# സംശയങ്ങൾ ചോദിക്കുക

## ഗീവർഗീസ് മാർ ഒസ്താത്തിയോസ് മെത്രാപ്പോലീത്താ

1. ഏതെങ്കിലും സഭ സത്യവിശ്വാസം എഴുതി വെക്കുന്നുണ്ടോ?

(കെ. ജി. വർഗീസ്, ജബൽപൂർ)

എല്ലാ സഭകളും എഴുതിവെക്കുന്നുണ്ട്. നിഖ്യാ വിശ്വാസപ്രമാണം അതാണ്. 39 Articles of Faith ആംഗ്ലിക്കൻ സഭയുടേതാണ്. Institutes of John Caloin പ്രസ്ബിറററിയൻ സഭകളുടേതാണ്. ആധികാരിക Catechism റോമൻ കത്തോലിക്കർക്കും ലൂഥറൻസിനുമുണ്ട്. വട്ടശേരി തിരുമേനിയെഴുതിയ മതസംഗതകൾ നമ്മുടെ വിശ്വാസമെഴുതാനുള്ള ഒരു ശ്രമമായിരുന്നു. പലതും കാലാകാലങ്ങളിൽ പരിഷ്ക്കരിക്കാറുണ്ട്.

2. കുമ്പസാരിക്കാൻ ഒരുങ്ങിവരുന്നയാളിനെ കുമ്പസാരിപ്പിക്കാതിരിക്കാൻ പട്ടക്കാർക്ക് അധികാരമുണ്ടോ?

(Do)

കുമ്പസാരം കേൾക്കാൻ കടമയുണ്ട്. എന്നാൽ കേൾക്കുമ്പോൾ സത്യകുമ്പസാരമല്ല എന്നു പൂർണ്ണ ബോദ്ധ്യം വന്നാൽ പാപക്ഷമ കൊടുക്കാതിരിക്കാനധികാരമുണ്ട്. (മത്താ. 18:18; യോഹ 21:21)

3. മലങ്കര മെത്രാപ്പോലീത്തായും കാതോലിക്കായും തമ്മിലുള്ള വ്യത്യാസമെന്ത്?

(പി. വി. വർഗീസ്, പുവത്തിനാൽ)

മലങ്കര ഒട്ടുക്ക് ഭരണാധികാരമുള്ള മെത്രാപ്പോലീത്താ ആണ് മലങ്കര മെത്രാപ്പോലീത്താ. ട്രസ്ററ് സ്വത്തുക്കളുടെ ഭരണചുമതലയും അദ്ദേഹത്തിനുണ്ട്. കാതോലിക്കാ ആത്മീയാധികാരി എന്ന നിലയിൽ മൂറോൻ കൂദാശ, ബിഷപ്പുമാരുടെ പട്ടംകൊട മുതലായവ നടത്തുകയും അദ്ദേഹം ഉൾപ്പെട്ട സുന്നഹദോസിൽ അദ്ധ്യക്ഷം വഹിക്കുകയും ചെയ്യുന്നു. കാതോലിക്ക മലങ്കര ഉൾപ്പെട്ട പൗരസ്ത്യ ഓർത്തഡോക്സ് സഭയുടെ പ്രധാന മേല

ദ്ധ്യക്ഷനാണ്. 1934 മുതൽ മലങ്കര മെത്രാപ്പോലീത്താ സ്ഥാനവും, കാതോലിക്കാ സ്ഥാനവും ഒരാളിൽ നിക്ഷിപ്തമാണ്.

4. ഒരു പ്രായമായ ഹൈന്ദവനെ മാമോദീസാ മുക്കുന്നതെങ്ങനെ? (679-ാം വരിക്കാരൻ)

ക്രമത്തിനു വ്യത്യാസമില്ല. മാമോദീസാത്തൊട്ടിയിൽ ഇരുത്തി മുക്കുന്നതിനു പകരം തല തൊട്ടിയിലേക്ക് കുനിപ്പിച്ച് തലയിൽ മൂന്നു പ്രാവശ്യം വെള്ളമൊഴിച്ച് മുക്കുകയും കൈകളും പാദങ്ങളും വരെയും വെള്ളത്തിൽ കഴുകുകയും ചെയ്യുന്നു. മാമോദീസാനന്തരം പുതിയ വസ്ത്രം ധരിപ്പിക്കുന്നു.

5. യോഹ. 20: 17 'എന്നെ തൊടരുത്....' എന്തുകൊണ്ട്?

(വി. റ്റി. എബ്രഹാം, കുണ്ടൂർ)

അത് തർജ്ജിമയിലെ പിശകാണ്. 'എന്നെ വിടുക' എന്നാണ് മൂലഭാഷ. മഗ്ദലനമറിയം കർത്താവിന്റെ പാദം കെട്ടിപ്പിടിച്ചപ്പോൾ 'എന്നെ വിടുക. ഞാൻ പിതാവിന്റെ അടുക്കൽ പോകട്ടെ' എന്നു പറയുകയാണ് ചെയ്തത്. ഉയിർപ്പിനു ശേഷം തോമസും മറിയവും കർത്താവിനെ തൊട്ടു. ഉയിർത്തെഴുന്നേററ കർത്താവിന്റെ നോട്ടത്തിൽ സ്ത്രീപുരുഷവ്യത്യാസം ഇല്ല.

6. മത്താ. 19: 28-ലെ 12 സിംഹാസനം യൂദായ്ക്കും വാഗ്ദത്തം ചെയ്തതാണോ? (Do)

ഇസ്കറിയോത്തായുടെ ആസ്ഥാനം നഷ്ടപ്പെടുത്തിയതിനാൽ മത്ഥിയാസിന് അത് കിട്ടി എന്നു വിചാരിക്കണം. വ്യക്തികൾക്കു രക്ഷ വാഗ്ദത്തം ചെയ്തെങ്കിലും പലരും നഷ്ടപ്പെടുത്തുന്നതുപോലെ മാമോദീസായിൽ വീണ്ടും ജനിച്ച എത്രയോ പേർ മുടിയനായ പുത്രൻമാരായി പദവി കളയുന്നു. 'വിളിക്കപ്പെട്ടവർ അനേകർ. തിരഞ്ഞെടുക്കപ്പെട്ടവർ ചുരുക്കം'.

7. ധൂപക്കുററി വാഴ്ത്തൽ പട്ടക്കാരൻ കുർബാന തുടങ്ങുംമുമ്പ് നടത്തിയിട്ട് അതുമായി ത്രോണോസ് ചുററാത്തതെന്ത്? (Do)

കുർബാനയിൽ രണ്ടു ഭാഗമുണ്ട്. ഏവൻഗേലിയോൻ വായന കഴിഞ്ഞ് ഉടൻ പ്രസംഗിക്കുകയായിരുന്നു പഴയ പതിവ്. അതുകഴിഞ്ഞ് വിശ്വാസപ്രമാണസമയത്ത് വിശ്വാസ പരിത്യാക്തൾ പിരിഞ്ഞുപോകും. രണ്ടാം ഭാഗം തുടങ്ങുന്ന സമയത്ത് പദവിയിൽ കയറുംമുമ്പ് ധൂപക്കുററി വാഴ്ത്തുന്നതും ശുശ്രൂഷക്കാരൻ പടിഞ്ഞാട്ടു വരുന്നതും വിശ്വാസപരിത്യാക്തളെ പറഞ്ഞയക്കുവാൻ കൂടിയാണ്. അതുകഴിഞ്ഞ് വാതിൽ അടയ്ക്കുന്ന പതിവും ഉണ്ടായിരുന്നു.

8. വിശ്വാസികളായ മരിച്ചവർ ഇപ്പോൾ എവിടെ?

(Do)

പറുദീസായിൽ കർത്താവുമായുള്ള സംസർഗത്തിൽ ആനന്ദമനുഭവിക്കുന്നു, ലാസറിനെപ്പോലെ. കർത്താവ് പിതാവിന്റെ വലത്തു ഭാഗത്ത് ഏകനായിരിക്കുമ്പോഴും വിശ്വാസികൾ തന്റെ കൂടെയുണ്ട് (എബ്രാ. 12: 22-24). കടങ്ങളുടെ മോചനവും പാപമോചനവും മരണാനന്തരവും ലഭിക്കുമെന്നതിനാലാണ് കർത്താവ് പാതാളപ്രവേശനം നടത്തി മൂന്നാം ദിവസം ഉയിർത്തെഴുന്നേററത്.

–o–

മദ്ധ്യസ്ഥതയാലുളള
ഉപകാരസ്മരണക്ക്



Chacko Yohannan, New Delhi.






കുഞ്ഞനുജൻമാരേ കുഞ്ഞനുജത്തിമാരേ,

ഏപ്രിൽ ലക്കം മലങ്കരസഭയിൽ ബാലപംക്തി ഇല്ലാതെപോയതിൽ നിങ്ങളെക്കാൾ അധികം കുഞ്ഞിച്ചായൻ ദുഃഖിക്കുന്നു. പത്രാധിപരോടോ കുഞ്ഞിച്ചായനോടോ ഇക്കാര്യത്തിൽ നിങ്ങൾ പരിഭവിക്കരുത്. പ്രധാനപ്പെട്ട പല സഭാവാർത്തകളും ചേർക്കേണ്ടി വന്നപ്പോൾ ബാലപംക്തി മാററിവക്കേണ്ടിവന്നു. കഴിവതും ബാലപംക്തി മുടക്കാതിരിക്കാൻ ശ്രമിക്കാം. എന്താ സന്തോഷമായോ?

ഇനി ഒരു സന്തോഷവർത്ത. കുഞ്ഞിച്ചായൻ നാട്ടിലെത്തിയിട്ടുണ്ട്. ഏതാനും ആഴ്ചകൾകൂടി നാട്ടിലുണ്ടാകും. തിരക്കിട്ട പരിപാടികൾ ആയതുകൊണ്ട് നിങ്ങളെയെല്ലാം നേരിൽ കാണാൻ കഴിഞ്ഞെന്നു വരികയില്ല. പക്ഷെ കുഞ്ഞിച്ചായന്റെ മനസിൽ നിങ്ങളുടെയെല്ലാം ചിത്രങ്ങളുണ്ട്. നേരത്തെതന്നെ ഈസ്ററർ മംഗളങ്ങൾ നേരുന്നതിനു കഴിഞ്ഞില്ല. അതിൽ ദുഃഖിക്കുന്നു. ഉയിർത്തെഴുന്നേററ നാഥൻ അനുഗ്രഹത്തിന്റെ കുളിർമഴ പൊഴിക്കട്ടെ എന്നു പ്രാർത്ഥിക്കുന്നു.

ഇപ്രാവശ്യം നാട്ടിൽ വന്നപ്പോഴും പല പ്രധാന സംഭവങ്ങളും നടന്നു. അവയിൽ ചിലത് ആനന്ദകരവും മററുചിലത് ദുഃഖകരവും ആയിരുന്നു. എല്ലാം സാവകാശമായി പറയാം.

ചുട്ടുപൊള്ളുന്ന ഈ വേനൽക്കാലത്ത് ദാഹജലം ലഭിക്കാതെ നമ്മുടെ നാട് കേഴുന്നു. മഴ ലഭിക്കാതെ കൃഷിവിളകൾ നശിക്കുന്നു. കർഷകർ ദുഃഖിക്കുന്നു. കർഷകന്റെ ദുഃഖം നാടിന്റെ ദുഃഖമാണ്.

യേശുനാഥന്റെ പൂന്തോട്ടത്തിലെ ഓമനപൂക്കളേ സമൃദ്ധിയായി മഴ ലഭിക്കുന്നതിനുവേണ്ടി യേശുനാഥനോടു നമുക്കു മുട്ടിപ്പായി പ്രാർത്ഥിക്കാം. കുഞ്ഞുങ്ങളുടെ പ്രാർത്ഥന യേശുനാഥൻ കേൾക്കും. ഈ കത്ത് നിങ്ങൾ വായിക്കുമ്പോൾ ഒരുപക്ഷെ 'ആകാശത്തിന്റെ കിളിവാതിലുകൾ' തുറന്നിരിക്കും. എവിടെയും മഴയുടെ സംഗീതം മുഴങ്ങിക്കേൾക്കുന്നുണ്ടാകും.

പ്രിയപ്പെട്ട കുഞ്ഞുങ്ങളെ, വരണ്ടഭൂമിയിൽ മഴ ലഭിക്കുന്നതിനുവേണ്ടി പ്രാർത്ഥിക്കുന്നതിനോടൊപ്പം മറെറാരു കാര്യത്തിനു വേണ്ടിയും നമുക്ക് അപേക്ഷിക്കേണ്ടതുണ്ട്.

സ്നേഹശൂന്യതകൊണ്ട് വരണ്ട മനസുകളിൽ ദൈവസ്നേഹത്തിന്റെ തേൻമഴ പൊഴിയുന്നതിനു വേണ്ടിയാണത്. യേശുനാഥന്റെ പൂന്തോട്ടത്തിലെ ഓമനകുഞ്ഞുങ്ങൾ കണ്ണീരോടെ പ്രാർത്ഥിച്ചാൽ കരുണാസമ്പന്നനായ കർത്താവിന്റെ മനസലിയും.

'കണ്ണുനീർ കാണുമ്പോൾ മനസലിയുന്ന
ദൈവത്തിനു സ്തോത്രം' ഇന്നുമെന്നേക്കും....

എന്നു നമുക്ക് ഒന്നുചേർന്ന് പാടാം.

ആനന്ദകരവും ദുഃഖകരവുമായ ചില സംഭവങ്ങളെപ്പററി പറയാമെന്ന് ആദ്യം പറഞ്ഞുവല്ലോ. ആനന്ദകരമായ സംഭവം ആദ്യം പറയട്ടെ. നമ്മുടെ സഭയുടെ പരമാദ്ധ്യക്ഷനായ പ. ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് പ്രഥമൻ കാതോലിക്കാ ബാവാ തിരുമനസിലെ 81-ാം ജന്മദിനം ഏപ്രിൽ 27-ാം തീയതി മാവേലിക്കരയിൽവച്ച് നടന്നപ്പോൾ അതിൽ പങ്കെടുക്കാൻ കുഞ്ഞിച്ചായനു ഭാഗ്യം ലഭിച്ചു. കൊല്ലം ഭദ്രാസനത്തിന്റെ ആഭിമുഖ്യത്തിലാണ് ഇപ്രാവശ്യം ജന്മദിനാഘോഷം കൊണ്ടാടിയത്. ഇതേക്കുറിച്ചുള്ള വിശദവിവരങ്ങൾ പത്രങ്ങളിൽനിന്നും നമ്മുടെ സഭയുടെ ഔദ്യോഗിക പ്രസിദ്ധീകരണമായ മലങ്കരസഭ മാസികയിൽ നിന്നും നിങ്ങൾ വായിച്ചിരിക്കുമല്ലോ.

പ. ബാവാതിരുമേനിയും വിശിഷ്ടാതിഥികളും വേദിയിൽ ഉപവിഷ്ടരായിരിക്കുമ്പോൾ പന്തലിന്റെ ഒരു മൂലയിൽ ഇരുന്ന് പ. പിതാവിന്റെ ആയുരാരോഗ്യങ്ങൾക്കുവേണ്ടി കുഞ്ഞിച്ചായൻ പ്രാർത്ഥിക്കുകയായിരുന്നു. തലേദിവസം വൈകിട്ട് ദേവലോകം അരമനയിൽ പോയി പ. ബാവാതിരുമേനിയെ കണ്ട് തൃക്കരം മുത്തി കുഞ്ഞിച്ചായൻ അനുഗ്രഹം പ്രാപിക്കുകയുണ്ടായി.

മലങ്കരസഭാംഗങ്ങളെ അഭിമാനഭരിതരും ആനന്ദചിത്തരും ആക്കുന്ന പരിപാടികളാണ് അന്നു നടന്നത്. വിവിധ സഭാമേലദ്ധ്യക്ഷൻമാരെ കൂടാതെ നമ്മുടെ സമുദായത്തിനകത്തും പുറത്തും ഉള്ള സാഹിത്യകാരൻമാർ, പത്രപ്രവർത്തകർ, സമുദായനേതാക്കൾ എന്നിങ്ങനെ ജീവിതത്തിന്റെ വിവിധ മണ്ഡലങ്ങളിലുള്ളവർ പ. ബാവാതിരുമേനിക്ക് ആശംസകൾ നേരുന്നതിനു വന്നിരുന്നു.

ഇന്നു മലങ്കരസഭയിൽ ജീവിച്ചിരിക്കുന്നവരിൽ ഏററവും ആദരണീയനായ മഹാകവി പുത്തൻകാവ് മാത്തൻ തരകൻ, ആരാധനാ സാഹിത്യത്തിനു മഹത്തായ സംഭാവന ചെയ്ത 'മലങ്കരയുടെ അപ്രേം' എന്നു വിളിക്കപ്പെടുന്ന സഭാകവി സി.പി. ചാണ്ടി എന്നിവർക്ക് അവാർഡുകൾ നൽകി അന്ന് ആദരിച്ചു. കവികളേയും സാഹിത്യകാരൻമാരേയും ഒക്കെ ബഹുമാനിക്കുന്ന സഭയാണല്ലൊ നമ്മുടെ സഭ എന്നോർത്തപ്പോൾ കുഞ്ഞിച്ചായനു എന്തെന്നില്ലാത്ത അഭിമാനമാണുണ്ടായത്.

സമ്പത്ത്, സ്വാധീനശക്തി, പ്രശസ്തി, പ്രാഗത്ഭ്യം ഇതെല്ലാംകൊണ്ട് അനുഗ്രഹീതരായ പല സമുദായാംഗങ്ങളും പ. ബാവാതിരുമനസിലേക്ക് ആശംസകൾ നേരുന്നതു കണ്ടപ്പോൾ 'നമ്മുടെ സഭ എത്ര ധന്യം', ഈ സഭയിൽ അംഗമായിരിക്കുന്നത് എത്ര ഭാഗ്യം എന്ന് കുഞ്ഞിച്ചായന്റെ മനസ് മന്ത്രിച്ചുകൊണ്ടിരുന്നു. അന്ന് സദസിലുണ്ടായിരുന്ന കുഞ്ഞിച്ചായനെപ്പോലുള്ള സാധാരണക്കാരിൽ അധികം പേരും ഇങ്ങിനെ ചിന്തിച്ചിരിക്കണം.

പ. ബാവാതിരുമനസിലെ ഭരണകാലത്ത് മലങ്കരസഭ അതിന്റെ ഔന്നത്യത്തിൽ എത്തിച്ചേർന്നിരിക്കുന്നു എന്നതിൽ ഏതു മലങ്കര സഭാംഗത്തിനും ആനന്ദിക്കുവാനും അഭിമാനിക്കുവാനും വകയുണ്ട്.

ഇനി ദുഃഖകരമായ സംഭവങ്ങളെപ്പററി പറയാം.

മലങ്കരസഭയുടെ വൈദികട്രസ്ററി എന്ന നിലയിൽ നിസ്തുലസേവനം അനുഷ്ടിച്ചുകൊണ്ടിരുന്ന കോനാട്ട് ഏബ്രഹാം മല്പാനച്ചന്റെയും പഴയ സെമിനാരി മാനേജരായി നിശബ്ദസേവനം അനുഷ്ഠിച്ചിരുന്ന മാന്നാർ താമരവേലിൽ റവ. വി. വറുഗീസച്ചന്റെയും മരണം സഭാമക്കളെ ദുഃഖത്തിലാഴ്ത്തി.

ഇന്നത്തേതുപോലെ വൈദികസെമിനാരികൾ ഇല്ലാത്ത പഴയകാലത്ത് പ്രഗൽഭരായ മല്പാൻമാരുടെ വാസസ്ഥലത്ത് അവരുടെകൂടെ താമസിച്ചാണ് വൈദികവിദ്യാർത്ഥികൾ പഠനം നടത്തിക്കൊണ്ടിരുന്നത്. പഴയ ഗുരുകുല വിദ്യാഭ്യാസത്തിന്റെ രീതിയിൽതന്നെ. കോനാട്ടുകുടുംബം ലേവിഗോത്രംപോലെ പൗരോഹിത്യപാരമ്പര്യമുള്ള ഒന്നാണ്. അതിപ്രശസ്തനും പ്രഗൽഭനുമായ കോനാട്ടു മാത്തൻ മല്പാന്റെ പുത്രനാണ് അന്തരിച്ച ഏബ്രഹാം മല്പാൻ. ഒരുകാലത്ത് പാത്രിയർക്കീസുകക്ഷിയുടെ പ്രധാന വക്താവായിരുന്ന കോനാട്ടച്ചൻ സഭാസമാധാനം കൈവന്നതിനുശേഷം യോജിച്ച സഭയിലെ ചോദ്യം ചെയ്യപ്പെടാത്ത ഒരു വലിയ മല്പാൻആയിരുന്നു. മലങ്കര മല്പാൻ എന്ന സ്ഥാനത്തിന് അദ്ദേഹം പൂർണ്ണമായും അർഹനായിരുന്നു. സഭയിൽ വീണ്ടും ഭിന്നതകൾ തലയുയർത്തിയപ്പോൾ അദ്ദേഹം കാതോലിക്കേററിന്റെ പതാക ഉയർത്തിപ്പിടിച്ചു. പ്രസംഗങ്ങളിലൂടെയും ലേഖനങ്ങളിലൂടെയും സത്യവിശ്വാസത്തെക്കുറിച്ച് സഭാമക്കളെ ബോധവാൻമാരാക്കി. പാത്രിയർക്കീസുകക്ഷിയിൽ ഒരുകാലത്ത് ഉറച്ചുനിന്നിരുന്ന നിരവധി വൈദികരും നേതാക്കളും കോനാട്ടച്ചനോടൊപ്പം സത്യത്തിന്റെ ചേരിയിലേക്കു തിരിഞ്ഞു. കാതോലിക്കാ പക്ഷത്ത് കാലിടറാതെ അവർ നിന്നു. ബഹുമാനപ്പെട്ട ആ വൈദികശ്രേഷ്ഠൻ മലങ്കര സഭാചരിത്രത്തിൽ ഒരു നക്ഷത്രം പോലെ എന്നെന്നും മിന്നിത്തിളങ്ങും. കോനാട്ടുകുടുംബത്തിന്റെ പാരമ്പര്യം നിലനിറുത്തിക്കൊണ്ട് യശ:ശരീരനായ ഏബ്രഹാം മല്പാനച്ചന്റെ പുത്രൻ റവ. ഫാ. ജോൺസ് ഏബ്രഹാം വൈദിക സെമിനാരി അദ്ധ്യാപകനായി സേവനം അനുഷ്ഠിക്കുന്നു.

പഴയ സെമിനാരി മാനേജർ ആയിരുന്ന ബഹുമാനപ്പെട്ട റവ. വി. വറുഗീസച്ചൻ മഹാ പണ്ഡിതനോ പ്രതാപശാലിയോ ആയിരുന്നില്ല. നിശബ്ദമായി സഭാസേവനം ചെയ്തുകൊണ്ടിരുന്ന ഒരു ത്യാഗധനൻ ആയിരുന്നു ബഹു. അച്ചൻ. മാനേജരച്ചന്റെ മുറിയിലിരുന്ന് അല്പസമയം സംസാരിച്ചു കഴിഞ്ഞാൽതന്നെ മനസിന് എന്തെന്നില്ലാത്ത ആശ്വാസം ലഭിക്കും. ചുടുചായയും ബിസ്ക്കററും നൽകി അദ്ദേഹം നമ്മെ സൽക്കരിക്കും. രസ്യ



# സഭാ മാനേജിംഗ് കമ്മററി

വൈദികട്രസ്ററിയേയും പുതുതായി മെത്രാപ്പോലീത്തന്മാരെയും തെരഞ്ഞെടുക്കുന്നതിന് 1987 ഡിസംബർ 29-ാം തീയതി ചൊവ്വാഴ്ച മലങ്കര അസോസ്യേഷൻ കൂടുന്നതിനു തീരുമാനിച്ചു.

1987 മാർച്ച് 31-ാം തീയതി വെള്ളിയാഴ്ച കോട്ടയം പഴയസെമിനാരിയിലെ കമ്മററി മാളികയിൽ പ. കാതോലിക്കാബാവാ തിരുമനസ്സിലെ അദ്ധ്യക്ഷതയിൽ ചേർന്നു. മലങ്കര അസോസ്യേഷൻ മാനേജിംഗ് കമ്മററിയാണ് ഈ തീരുമാനം എടുത്തത്.

## ധ്യാനം

തോമസ് മാർ തീമോത്തിയോസ് മെത്രാപ്പോലീത്താ 3-ാം തീയതി രാവിലെ സെമിനാരി ചാപ്പലിൽ വച്ച് മാനേജിംഗ് കമ്മററി അംഗങ്ങൾക്കുവേണ്ടിയുള്ള ധ്യാനപ്രസംഗം നടത്തി.

## അദ്ധ്യക്ഷപ്രസംഗം

10 മണിക്ക് മീററിംഗ് ആരംഭിച്ചു. പ്രാർത്ഥനയ്ക്കുശേഷം പ. ബാവാ തിരുമേനി ചെയ്ത അദ്ധ്യക്ഷപ്രസംഗത്തിൽ കഴിഞ്ഞ മാനേജിംഗ് കമ്മററിക്കുശേഷം സഭയിൽ ആകമാനം നടന്നിട്ടുള്ള പ്രധാന സംഭവങ്ങളെപ്പററി ചുരുക്കമായി പ്രസ്താവിച്ചു. ബോംബെയിലും ചെങ്ങന്നൂരും കുന്നംകുളത്തും ഭദ്രാസന ആസ്ഥാനങ്ങൾ പണികഴിപ്പിക്കുന്നതു സംബന്ധിച്ച് പ്രാരംഭ പടികൾ ആരംഭിച്ചുകഴിഞ്ഞു എന്ന് ബാവാ പറഞ്ഞു. സഭാകാര്യങ്ങളെല്ലാം ഭംഗിയായും ശാന്തമായും നിർവ്വഹിക്കപ്പെടുന്നതിൽ ബാവാ ദൈവത്തെ സ്തുതിക്കുകയും അതിലേക്ക് തിരുമേനിയോടുകൂടി സഹകരിച്ചു പ്രവർത്തിക്കുന്ന സുന്നഹദോസ് അംഗങ്ങളെയും മാനേജിംഗ് കമ്മററി അംഗങ്ങളെയും മുക്തകണ്ഠം പ്രശംസിക്കുകയും ചെയ്തു.

## അനുശോചനം

യാക്കോബ് മാർ പോളിക്കർപ്പോസ് മെത്രാപ്പോലീത്താ വൈദിക ട്രസ്ററി കോനാട്ട് ഏബ്രഹാം മല്പാൻ എന്നിവരുടെ ദേഹവിയോഗത്തിൽ കമ്മററി അനുശോചനം രേഖപ്പെടുത്തുകയും പ്രത്യേകം പ്രാർത്ഥിക്കുകയും ചെയ്തു.

---

കരമായി സംസാരിക്കാൻ അദ്ദേഹത്തിനു പ്രത്യേക കഴിവുണ്ട്. കുഞ്ഞിച്ചായന് ഒരു ജേഷ്ഠസഹോദരനെപോലെയായിരുന്നു മാനേജരച്ചൻ.

മാനേജരച്ചനെക്കുറിച്ചോർക്കുമ്പോൾ കൊച്ചുവയലററ് പുഷ്പത്തിന്റെ കഥയാണ് ഓർമ്മയിൽ വരിക. പച്ചിലച്ചാർത്തിൽ മറഞ്ഞിരുന്ന് പരിമളം പരത്തുന്നതായിരുന്നു വയലററ് പുഷ്പത്തിന്റെ ആനന്ദം. ആ ചെറിയ പുഷ്പം പെട്ടെന്ന് ആരുടെയും കണ്ണുകളിൽ പെടുകയില്ല. പക്ഷെ അതിന്റെ പരിമളം ആർക്കും ആനന്ദം പകരും. മററുള്ളവരുടെ ശ്രദ്ധയിൽ പെടുന്നതിനു ഏതു കൃത്രിമ മാർഗവും സ്വീകരിക്കുന്ന പലരെയും കുഞ്ഞിച്ചായനറിയാം. വിനയാന്വിതനായ മാനേജരച്ചൻ ശബ്ദകോലാഹലങ്ങളിൽനിന്നും ഒഴിഞ്ഞുമാറിനിന്ന് വിശ്വസ്തതയോടെ സഭാസേവനം അനുഷ്ഠിച്ചു. പഴയ സെമിനാരി സന്ദർശിച്ചിട്ടുള്ള ആരും മാനേജരച്ചനെ മറക്കുകയില്ല.

'ഈ അച്ചനു പകരം മറെറാരാളെ കണ്ടെത്തുവാൻ വളരെ പ്രയാസമാണ്'' എന്ന് ബാവാതിരുമേനി അച്ചന്റെ ശവസംസ്ക്കാര ശുശ്രൂഷാമദ്ധ്യെ നടത്തിയ പ്രസംഗത്തിൽ പറയുകയുണ്ടായി.

വിനയം, വിശ്വസ്തത, സഭാസ്നേഹം, അതിഥിപൂജ, ധീരത, നർമ്മബോധം ഇങ്ങനെ നിരവധി ഗുണങ്ങൾ അച്ചന്റെ വ്യക്തിത്വത്തിനു മാററു കൂട്ടിയിരുന്നു. വിനയസമ്പന്നൻ എന്നതുപോലെ ധീരാൽമാവും ആയിരുന്നു ബഹു. അച്ചൻ. ഏത് ഉന്നതവ്യക്തിയോടും മുഖംനോക്കാതെ എന്നാൽ വിനയം നഷ്ടപ്പെടാതെ സത്യം തുറന്നുപറയുന്ന ഒരു നിഷ്കപടൻ.

വിശ്വാസവീരനായ മല്പാനച്ചനേയും വിനയാന്വിതനായ മാനേജരച്ചനേയും നമ്മുടെ പ്രാർത്ഥനകളിൽ ഓർമ്മിക്കാം.

എഴുതിയെഴുതി വന്നപ്പോൾ കത്ത് അല്പം നീണ്ടുപോയി. അധികം നീണ്ടാൽ പത്രാധിപർ പരിഭവിക്കും. അതിനാൽ ചുരുക്കട്ടെ. സാവകാശമായി കഥകൾ പറയാം.

എല്ലാ നല്ല ആശംസകളും നേർന്നുകൊണ്ട്,

സ്വന്തം കുഞ്ഞിച്ചായൻ,

## അനുമോദനം

മാർച്ച് 27-ാം തീയതി 81-ാം വയസസിലേക്ക് പ്രവേശിച്ച പ. ബാവാ തിരുമേനിയെ അനുമോദിച്ചും ആശംസകൾ അർപ്പിച്ചും ദീർഘായുസിനും ആരോഗ്യത്തിനുമായി പ്രാർത്ഥിച്ചുംകൊണ്ട് കമ്മററി അംഗങ്ങൾ പ്രമേയം പാസസാക്കി. തോമസ് മാർ അത്താനാസ്യോസ് തിരുമേനി പ. ബാവായ്ക്ക് ഒരു പാരിതോഷികം സമർപ്പിച്ചു.

## എഡ്യൂക്കേഷനൽ സൊസൈററി

മലങ്കര ഓർത്തഡോക്സ് ചർച്ച് എഡ്യൂക്കേഷൻ ആൻഡ് സോഷ്യൽ സർവീസ് സൊസൈററി സംബന്ധിച്ച ഒരു വിശദീകരണം സൊസൈററി പ്രസിഡണ്ട് തോമസ് മാർ അത്താനാസ്യോസ് മെത്രാപ്പോലീത്താ നൽകി. കർണ്ണാടകത്തിൽ ശ്രീരംഗപട്ടണത്ത് ഒരു എൻജിനീയറിംഗ് കോളജും തമിഴ്നാട്ടിൽ ഊട്ടിക്കടുത്ത് കീററി എന്ന സ്ഥലത്ത് ഒരു പബ്ളിക് സ്കൂളും സഭവകയായി തുടങ്ങുന്നതിന് ഉദ്ദേശിക്കുന്നു എന്നും എൻജിനീയറിംഗ് കോളജിൽ സഭയിലെ പാവപ്പെട്ടവരും സമർത്ഥരുമായ കുട്ടികൾക്ക് പത്തു ശതമാനം സീററ് റിസേർവു ചെയ്യുന്നതാണെന്നും ഇതിലേക്ക് സ്ഥലം വാങ്ങുന്നതിനുള്ള അഡ്വാൻസ് കൊടുത്തുകഴിഞ്ഞു എന്നും തിരുമേനി പ്രസ്താവിച്ചു.

## പഞ്ചവൽസര പദ്ധതി

സഭയുടെ പുരോഗമനത്തെ ലക്ഷ്യമാക്കി പ. എപ്പിസ്കോപ്പൽ സുന്നഹദോസ് ആവിഷ്കരിച്ചിട്ടുള്ള പഞ്ചവൽസരപദ്ധതിയുടെ വിവരങ്ങൾ മാർ ഒസ്താത്തിയോസ് മെത്രാപ്പോലീത്താ യോഗത്തെ അറിയിച്ചു. വീടില്ലാത്തവർക്ക് പാർപ്പിടസൗകര്യം, തൊഴിലില്ലാത്തവർക്ക് തൊഴിലവസരം, ഇടവകതലത്തിൽ മിഷൻ ബോർഡ്, പള്ളികളെ കേന്ദ്രീകരിച്ച് സുവിശേഷസംഘം എന്നിവയെല്ലാം ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ടെന്ന് തിരുമേനി പറഞ്ഞു.

## കാതോലിക്കാദിനപ്പിരിവ്

കഴിഞ്ഞ വർഷം 806224-68 രൂപാ കാതോലിക്കാദിനപിരിവിനത്തിൽ ലഭിച്ചു എന്നും കേരളത്തിലെ മെത്രാസനങ്ങളിൽ നിന്നുള്ള പിരിവ് മുൻ വർഷങ്ങളേക്കാൾ 70000 രൂപാ കൂടുതലായിരുന്നു എന്നും ബാഹ്യകേരള ഇടവകയിൽ നിന്നുള്ള പിരിവ് മുൻ വർഷത്തെ അപേക്ഷിച്ച് 25000 രൂപാ കുറവായിരുന്നു എന്നും സെക്രട്ടറി പ്രസ്താവിച്ചു. പ. ബാവാ തിരുമനസസിലെ കല്പനയിൽ ആവശ്യപ്പെട്ടിരിക്കുന്നതുപോലെ സഭാംഗങ്ങളെല്ലാം നത്യസന്ധമായി ഒരു ദിവസത്തെ ശരാശരി വരുമാനം കാതോലിക്കാദിനപിരിവിലേക്ക് നൽകുകയാണെങ്കിൽ സഭയ്ക്ക് ആവശ്യമുള്ള മുഴുവൻ പണവും നിഷ്പ്രയാസം സംഭരിക്കാമെന്നും ആയതിന് എല്ലാവരും ഒത്തുചേർന്ന് ഉൽസാഹിക്കണമെന്നും മാത്യൂസ് മാർ ബർന്നബാസ് മെത്രാപ്പോലീത്താ അഭിപ്രായപ്പെട്ടു.

## സപ്ളിമെൻററി ബജററ്

കഴിഞ്ഞ വർഷത്തെ ബജററിൽ കൂടുതൽ ചെലവു വന്ന തുകയുടെ സപ്ളിമെൻററി ബജററ് 1-8-'87ൽ കൂടിയ വർക്കിംഗ് കമ്മററി അംഗീകരിച്ചതു സംബന്ധിച്ച ചർച്ചകൾ നടന്നു. സപ്ളിമെൻററി ബജററ് എന്നതിനു പകരം ബജററിൽ കവിഞ്ഞ അധികച്ചെലവുകൾ എന്ന നിലയിൽ ഇത് അംഗീകരിക്കണമെന്ന് ശ്രീ. കെ. എം. മാത്യു മനോരമ അഭിപ്രായപ്പെട്ടു. യോഗം ആ അഭിപ്രായത്തോടു യോജിച്ചു.

## 1987-88 ലെ ബജററ്

A B C ഷെഡ്യൂളുകളിലായി പതിനൊന്നേകാൽ കോടി രൂപയോളം വരുന്ന 1988-89 ലേക്കുള്ള ബജററ് ഒരു പ്രസംഗത്തോടുകൂടി സെക്രട്ടറി പോൾ മത്തായി അവതരിപ്പിച്ചു. ബജററു സംബന്ധിച്ച വിശദമായ ചർച്ചകൾക്കുശേഷം യോഗം ബജററു പാസസാക്കി.

## വിശേഷാൽ യോഗം

സഭയുടെ വികസനപ്രവർത്തനങ്ങളെയും മററു പുരോഗമനപരമായ കാര്യങ്ങളെ സംബന്ധിച്ചും വിശദമായി ചർച്ചചെയ്യുന്നതിന് മാനേജിംഗ് കമ്മററിയുടെ പ്രത്യേക യോഗങ്ങൾ ഓരോ വർഷം കൂടുന്നതു നന്നായിരിക്കുമെന്ന മൂത്തൂററ് ശ്രീ. എം. ജോർജ് അവതരിപ്പിച്ച നിർദ്ദേശം യോഗം അംഗീകരിച്ചു.

## അസോസ്യേഷൻ

മേല്പട്ടസ്ഥാനത്തേക്കും വൈദിക ട്രസ്ററിയുടെ സ്ഥാനത്തേക്കും ആളുകളെ തെരഞ്ഞെടുക്കുന്നതിന് മലങ്കര അസോസ്യേഷൻ 1987 ഡിസംബർ 29-ാം തീയതി ചൊവ്വാഴ്ച കൂടുന്നതിന് കമ്മററി നിശ്ചയിച്ചു.

മാനേജിംഗ് കമ്മററിയുടെ അടുത്ത യോഗം 1987 ജൂലൈ 7-ാം തീയതി കൂടുന്നതിനു തീരുമാനിച്ചു.

പ. ബാവാ തിരുമേനി അനുവദിച്ചതനുസരിച്ച് അമേരിക്കയിലെ പ്രതിനിധി മി. രാജു എം. വർഗീസ് ടി ഭദ്രാസനത്തെപ്പററി ചെയ്ത പ്രസ്താവനയിൽ ന്യൂയോർക്കിൽ ഒരു ഭദ്രാസനകേന്ദ്രം പണിയുന്നതിനുള്ള പ്രാരംഭ നടപടികൾ ആരംഭിച്ചിട്ടുണ്ടെന്നും കാതോലിക്കാദിനം ഈ വർഷം 3 ലക്ഷം രൂപാ ഭദ്രാസനം വകയായി നൽകുന്നതാണെന്നും എടുത്തു പറഞ്ഞു. പ. ബാവാ തിരുമനസസിലെ ഉപസംഹാരത്തിനു ശേഷം പ്രാർത്ഥനയോടുകൂടി 4.30ന് യോഗം അവസാനിച്ചു.

—o—

MAR BASELIOS
CHILDREN'S HOME
Mannapra (P. O.)
Palghat District, Kerala State

കാലംചെയ്ത പ. ബസേലിയോസ് ഗീവറുഗീസ് രണ്ടാമൻ ബാവാ തിരുമനസസിലെ നാമധേയത്തിൽ 1959-ൽ സ്ഥാപിതമായതും ജാതിമതഭേദമെന്യേ അനാഥരായ ആൺകുട്ടികളെയും പെൺകുട്ടികളെയും രണ്ടു പ്രത്യേക ഭവനങ്ങളിൽ പാർപ്പിച്ചും, അവശ്യം വേണ്ട വിദ്യാഭ്യാസം കൊടുത്തും സംരക്ഷിച്ചുവരുന്നതുമായ ഓർത്തഡോക്സ് സഭയിലെ ഈ സ്ഥാപനത്തെ സംഭാവനയാലും പ്രാർത്ഥനകൾമൂലവും സഹായിക്കണമെന്നപേക്ഷിക്കുന്നു.

C. T. George
Managing Director.



# വ്യത്യസ്ത പാഥയിൽ ചരിച്ചവനായ വി. പൗലൂസ്

ഫാ. ററി. ജെ. ജോഷ്വാ

പൗലോസ് തനതായ ഒരു വ്യക്തിത്വത്തിന്റെ ഉടമയാണ്. പന്ത്രണ്ട് അപ്പോസ്തോലന്മാരേക്കാൾ ഒട്ടും മാററമുള്ളവനല്ല; എന്നാൽ അവരിൽനിന്നും പല കാര്യങ്ങളിലും വേറിട്ടു നിൽക്കുന്നു. അവരുമായി പൊരുത്തപ്പെട്ടും അവരോടു ചേർന്നുമാണ് തന്റെ ദൗത്യം നിർവഹിച്ചത്. എന്നാൽ അവർക്ക് അവകാശപ്പെടാൻ പാടില്ലാത്ത പലതും തനിക്കുണ്ടായിരുന്നു. പല രംഗത്തും വിവാദമുയർത്തിയ ഒരു വ്യക്തിയാണ്. എന്തെല്ലാം കാര്യങ്ങളിൽ അദ്ദേഹത്തിന്റെ വ്യതിരിക്തത കാണുവാൻ കഴിയും.

### 1) വ്യക്തിജീവിതത്തിൽ

അദ്ദേഹം അവിവാഹിതനും ബ്രഹ്മചാരിയുമായിരുന്നു. യഹൂദന്മാർ പൊതുവേ വിവാഹജീവിതം ആദർശവൽക്കരിക്കുന്നവരാണ്. അവരിൽ അവിവാഹിതർ സാധാരണമല്ല. പുരുഷന്മാർ വിവാഹം ചെയ്ത് മക്കളെ ജനിപ്പിക്കണമെന്നുള്ളതാണ് സാധാരണ പ്രതീക്ഷ. പരീശന്മാർ കുടുംബജീവിതത്തിന് വലിയ പ്രാധാന്യം നൽകുന്നവരായിരുന്നു. പൗലോസ് ഒരു പരീശനായിരുന്നല്ലോ. പ്രസിദ്ധനായ റബി അക്കിബാ ന്യായപ്രമാണപഠനത്തിനുള്ള തന്റെ അത്യാസക്തി നിമിത്തം വിവാഹം ചെയ്യാൻ കഴിയാതെ പോയതിനെ മററുള്ളവർ കുററപ്പെടുത്തിയെന്നു കാണാം. പൗലോസ് പറയുന്നത് ''വിവാഹം കഴിച്ചവർ ഇനി വിവാഹം കഴിക്കാത്തവരെപ്പോലെ ജീവിക്കട്ടെ'' എന്നാണ് (1 കൊരി. 7:29). പൗലോസ് ഒരു തികഞ്ഞ ബ്രഹ്മചാരിയായിരുന്നു. അദ്ദേഹം എഴുതുന്നു ''മററുള്ളവരോട് സുവിശേഷം പ്രസംഗിച്ചിട്ട് ഞാൻ കൊള്ളരുതാത്തവനായി തീർന്നുപോകാതിരിക്കേണ്ടതിന് ശരീരത്തെ ദണ്ഡിപ്പിച്ച് അടിമയാക്കുന്നു'' (1 കൊരി. 9:27).

എന്തുകൊണ്ട് അദ്ദേഹം ബ്രഹ്മചാര്യം സ്വീകരിക്കുകയും അവിവാഹിതനായി തുടരുകയും ചെയ്തു? വിവാഹജീവിതം നിഷിദ്ധമായതുകൊണ്ടല്ല. അതിന് ഏന്തെങ്കിലും പതിത്വം കല്പിച്ചതുകൊണ്ടുമല്ല. ബ്രഹ്മചര്യം അതിൽതന്നെ ഉൽകൃഷ്ടമാണെന്ന വിചാരം കൊണ്ടുമല്ല. അദ്ദേഹത്തെ ഭരിച്ച പ്രധാന ചിന്തകൾ സുവിശേഷപരമായ ശുഷ്കാന്തിയും യുഗാന്ത്യപരമായ വീക്ഷണവുമാണ്. യുഗാന്ത്യം ഒരർത്ഥത്തിൽ വന്നു (കർത്താവിന്റെ ആഗമനത്തിൽ); അതിന്റെ പൂർത്തീകരണം (കർത്താവിന്റെ പുനരാഗമന

# നിയുക്ത കാതോലിക്കായുടെ അമേരിക്കൻ പര്യടനം

നിയുക്ത കാതോലിക്കാ അഭിവന്ദ്യ മാത്യൂസ് മാർ കൂറിലോസ് തിരുമേനി കഴിഞ്ഞ ആറു മാസക്കാലമായി അമേരിക്കയിലെ നമ്മുടെ ആളുകളെയും ഇടവകകളെയും സന്ദർശിക്കുകയായിരുന്നല്ലൊ. അദ്ദേഹത്തിന്റെ സന്ദർശനം മറുനാട്ടിൽ താമസിക്കുന്ന സുറിയാനിസഭയുടെ മക്കൾക്ക് വളരെയധികം സന്തോഷവും സമാധാനവും പ്രദാനം ചെയ്തു എന്നു മാത്രമല്ല അവർക്ക് നമ്മുടെ സഭയിലും നമ്മുടെ വിശ്വാസാചാരങ്ങളിലും ഉള്ള വിശ്വാസത്തെ ദൃഢപ്പെടുത്തുകയും ചെയ്തു. അദ്ദേഹത്തിന്റെ പര്യടനത്തിൽ പല സന്ദർഭങ്ങളിലും ഈ ലേഖകന് അദ്ദേഹത്തെ അനുഗമിക്കുവാൻ ഭാഗ്യം ലഭിച്ചതിനാൽ അമേരിക്കൻ മെത്രാസനത്തിലെ ചുരുങ്ങിയ ചില കാര്യങ്ങൾക്കെങ്കിലും പങ്കെടുക്കുന്ന ഒരു വ്യക്തി എന്ന നിലയിൽ അഭിവന്ദ്യ തിരുമേനിയുടെ പര്യടനത്തിന്റെ പ്രാധാന്യതയെക്കുറിച്ച് എനിക്കു നല്ലതുപോലെ മനസിലാക്കുവാൻ കഴിഞ്ഞിട്ടുണ്ട്.

കഴിഞ്ഞ ജൂലൈ മാസത്തിൽ അമേരിക്കയിലെ രണ്ടാമത്തെ പട്ടണമായ ഷിക്കാഗോയിൽവച്ച് അമേരിക്കൻ മെത്രാസനത്തിലെ ഫാമിലി കോൺഫറൻസ് നടത്തുകയുണ്ടായി. അഭിവന്ദ്യ കൂറിലോസ് തിരുമേനിയുടെ മാസ്മരിക സന്ദേശങ്ങളും പ്രഭാഷണങ്ങളും കോൺഫറൻസിനെ ധന്യമാക്കി.

കോൺഫറൻസിനുശേഷം അഭിവന്ദ്യ തിരുമേനി അമേരിക്കയിൽ ചെലവാക്കിയ ഓരോ ദിവസവും സംഭവബഹുലവും ആകാംക്ഷാജനകവുമായിരുന്നു. നാട്ടിലെന്നപോലെ അമേരിക്കൻ മെത്രാസനത്തിലെ ചില പള്ളികളിലും ഓരോതരം അസമാധാനങ്ങളും അസംതൃപ്തികളും നടമാടുന്നുണ്ടെന്ന് അദ്ദേഹം നേരത്തെതന്നെ മനസിലാക്കിയിരുന്നു. അതിനെന്തെങ്കിലും തക്കതായ പരിഹാരം കണ്ടെത്തണമെന്ന് തന്നത്താൻ മനസിലുറച്ചു. കൂടാതെ പ. കാതോലിക്കാബാവായും പ. സുന്നഹദോസും ഇടവക മെത്രാപ്പോലീത്താ മാർ മക്കാറിയോസ് തിരുമേനിയും അദ്ദേഹത്തോടാവശ്യപ്പെട്ടിരുന്നു. കഴിഞ്ഞ ഏതാനും മാസങ്ങൾ അദ്ദേഹം പരിശ്രമിച്ചതിന്റെ ഫലമായി ഏതാണ്ട് 90 ശതമാനം പള്ളികളിലും വേണ്ട രമ്യതയും സമാധാനവും കണ്ടെത്തുവാൻ കഴിഞ്ഞു. അതിൽ ഒന്നുരണ്ടെണ്ണം മാത്രം ഈ ലേഖനത്തിൽ എടുത്തുപറയുവാൻ ആഗ്രഹിക്കുന്നു.

**ബ്രോങ്ക്സ് പള്ളി കൂദാശ**

അമേരിക്കൻ മെത്രാസനത്തിൽ ആദ്യമായി പണിയിക്കപ്പെട്ട, വി. മാതാവിന്റെ നാമത്തിലുള്ള അതീവമനോഹരമായ, ഒരു ദേവാലയമത്രെ ബ്രോങ്ക്സ് സെ. മേരീസ് ഓർത്തഡോക്സ് പള്ളി. എന്നാൽ പള്ളിയുടെ ഔദ്യോഗികമായ കൂദാശാകർമ്മം ഇടവകാംഗങ്ങളും വികാരിയും ഭദ്രാസന മെത്രാപ്പോലീത്തായുമായുള്ള അഭിപ്രായവ്യത്യാസം മൂലം കഴിഞ്ഞ അനേകവർഷങ്ങളായി നിർവ്വഹിച്ചിട്ടില്ലായിരുന്നു. അഭിവന്ദ്യ കൂറിലോസ് തിരുമേനിയുടെ നയചാതുരിയും മക്കാറിയോസ് മെത്രാപ്പോലീത്തായുടെ അവസരോചിതമായ പെരുമാററവും ഇടവക വികാരിയുടെയും അംഗങ്ങളുടെയും മടുത്തുപോകാത്ത സഭാഭക്തിയും നിമിത്തം ഏതാണ്ട് രണ്ടു മാസങ്ങൾക്കുമുമ്പ് സർവ്വവിധ ആഘോഷങ്ങളോടുംകൂടി ആ ദേവാലയം കൂദാശ ചെയ്യപ്പെട്ടു. ഈ സംഭവം മെത്രാസനത്തിലാകമാനം നിലനിന്നിരുന്ന അസമാധാനത്തിന്റെ കരിനിഴൽ മാററുവാനും മെത്രാസന മെത്രാപ്പോലീത്തായും വികരിയച്ചനും തമ്മിൽ പുനരൈക്യമനോഭാവം സൃഷ്ടിക്കുവാനും കാരണമായി.

ഹൂസ്ററൺ (Houston, Texas), മിയാമി (Miami, Florida), ജാക്സൺ ഹൈററ്സ് (Jackson Heights, New York) എന്നീ സ്ഥലങ്ങളിലും ഭദ്രാസന മെത്രാപ്പോലീത്തായ്ക്ക് വിഭിന്നമായിനിന്നു പ്രവർത്തിച്ചുകൊണ്ടിരുന്ന അച്ചൻമാരെയും ജനങ്ങളെയും സ്നേഹത്തിലും ക്രിസ്തീയ കൂട്ടായ്മയിലും ഒന്നിച്ചുകൊണ്ടുവരുവാൻ കൂറിലോസ് മെത്രാപ്പോലീത്തായ്ക്കു കഴിഞ്ഞു. പലപ്പോഴും പലരുടേയും നിന്ദയും പരിഹാസവുംപോലും ഈ കാര്യത്തിൽ തിരുമേനിക്കു സഹിക്കേണ്ടി വന്നിട്ടുണ്ട്. ഇനിയും വാഷിംഗ്ടണിലും ഫിലാഡൽഫിയയിലും ചില തർക്കങ്ങൾ നിലവിലുണ്ട്.

കൂറിലോസ് തിരുമേനി അമേരിക്കയുടെ പല ഭാഗത്തും ആളുകളുടെ ഹൃദയം കവർന്നു. സമാധാനത്തിന്റെ ദൂത് നല്ലതുപോലെ പറഞ്ഞുപരത്തി. ചെന്നിടത്തൊക്കെയും ദൈവത്തിന്റെ ദൂതൻ അദ്ദേഹത്തോടുകൂടി പ്രവർത്തിക്കുന്നതായനുഭവപ്പെട്ടു. സഭയുടെ വിശ്വാസത്തെ ബലികഴിക്കാതെ ഭരണഘടനയെ മുൻനിർത്തി വികാരങ്ങളെ വ്രണപ്പെടുത്താതെ സ്നേഹത്തിന്റെ ദൂതു പകർന്നുകൊടുത്തു.

[ഈ ലേഖനം അല്പം നേരത്തെ ഇവിടെ ലഭിച്ചതാണെങ്കിലും അഭിവന്ദ്യ കൂറിലോസ് തിരുമേനി തിരിച്ചുവന്ന് അദ്ദേഹത്തിന്റെ അഭിപ്രായംകൂടി അറിഞ്ഞിട്ടു പ്രസിദ്ധപ്പെടുത്താമെന്നു വിചാരിച്ചതുകൊണ്ടാണ് ഇത്രയും താമസിച്ചത്.
പത്രാധിപർ]

ഡോ. തോമസ് ജോൺ
കല്ലുപ്പാറ – U. S. A.



ഐതീഹ്യങ്ങളും ചരിത്രവും

# മലങ്കര നസ്രാണികളും ജാതിത്തലവന്മാരും

## മഹാനായ ഒന്നാം മാർത്തോമ്മാ

(ഗാർഷ്യാ മെത്രാനും തോമ്മാ അർക്കദിയാക്കോനും തുടർച്ച)

**അർക്കദിയാക്കോന് പിഴശിക്ഷ**

ഗാർഷ്യയുടെ ശത്രുത ശതഗുണീഭവിച്ചു. അർക്കദിയാക്കോനെ ഏതുവിധവും നശിപ്പിക്കുന്നതിനും എന്ത് നീചകർമ്മങ്ങൾ അതിലേക്ക് അനുഷ്ഠിക്കേണ്ടിവന്നാലും ആ ലക്ഷ്യം നിറവേററുന്നതിനും ഗാർഷ്യയിലെ പറങ്കിവംശജൻ ക്രിസ്തീയ ശ്രേഷ്ഠാചാര്യത്വം വിട്ട് തുനിഞ്ഞിറങ്ങി.

നസ്രാണി വീരയോദ്ധാക്കളുടെ ഭുജവീര്യത്തെ ആശ്രയിച്ചും കൃഷിവ്യാപാരാദികളിൽ പ്രധാനികളായിരുന്ന നസ്രാണികൾമൂലം തങ്ങളുടെ രാജ്യങ്ങളുടെ ഭണ്ഡാരങ്ങളെ ഗണ്യമായി നാണ്യനിക്ഷേപങ്ങളാൽ പോഷിപ്പിച്ചും വന്നിരുന്ന പ്രബുദ്ധരായ നസ്രാണികളെ പ്രീണിപ്പിച്ചും കഴിഞ്ഞിരുന്ന കൊച്ചി, ആലങ്ങാട് രാജാക്കൻമാർ (ഈ രാജാക്കൻമാർ മാത്രമല്ല കേരളത്തിൽ നസ്രാണികളെ ആശ്രയിച്ചിരുന്നത് എന്നുകൂടി ഓർക്കേണ്ടതുണ്ട്) ഗാർഷ്യയുടെ ഒരു പരാതിയിൻമേൽ നസ്രാണി ജാതിത്തലവനെ ഉടനടി വിസ്തരിച്ച് '2000 പണം' പിഴ കല്പിച്ചു എന്നു പറഞ്ഞാൽ അത് വിശ്വസിക്കുവാൻ പ്രയാസം. കൊച്ചിരാജാവിനും ആ രാജാവിന്റെ സാമന്തപ്രഭുക്കളായിരുന്ന ആലങ്ങാടിനും പറവൂരിനും പറങ്കികളുടെ മുമ്പിൽ എന്തു വിലയുണ്ടായിരുന്നുവെന്ന് ഇതപര്യന്തമുള്ള കേരളചരിത്ര രേഖകളെല്ലാംതന്നെ പഠിച്ച മഹാപണ്ഡിതനെന്നു പറയാവുന്ന ശ്രീ. ഏ. ശ്രീധരമേനോൻ തന്റെ കേരളചരിത്രത്തിൽ പറയുന്നത് നോക്കുക.

'സാമൂതിരി ഒരു ഭാഗത്തും കൊച്ചിരാജാവും കോലത്തിരിയും മററു ചെറുകിട നാടുവാഴികളും മറുഭാഗത്തുമായി തമ്മിൽ നടന്നുകൊണ്ടിരുന്ന രൂക്ഷമായ മൽസരം ഒരു ഹ്രസ്വകാലത്തേക്കെങ്കിലും പോർട്ടുഗീസുകാരുടെ സ്വപ്നം സാക്ഷാൽക്കരിക്കുവാനുള്ള സാഹചര്യം അവർക്ക് ഒരുക്കിക്കൊടുത്തു.....സാമൂതിരിയുടെ അധികാരത്തിൻ കീഴിൽ കുഴങ്ങുകയായിരുന്ന കൊച്ചിരാജാവിന് തന്റെ പരമ്പരാഗതനായ ശത്രുവിനെതിരെ സുശക്തമായ ഒരു രാഷ്ട്രീയ പ്രതിരോധം പടുത്തുയർത്തുവാൻ പോർട്ടുഗീസുകാരുടെ ആഗമനം സുവർണ്ണാവസരം നൽകി. കോഴിക്കോട്ടുവച്ച് സാമൂതിരിയിൽനിന്ന് പോർട്ടുഗീസുകാർക്ക് ലഭിച്ച സ്നേഹശൂന്യമായ സ്വീകരണവും കപ്പിത്താൻമാർക്കുണ്ടായ അസുഖകരമായ അനുഭവങ്ങളും അവരെ കൊച്ചിരാജാവിനോട് അടുപ്പിച്ചു. കൊച്ചിയും പോർട്ടുഗീസുകാരും തമ്മിൽ ഒരു പ്രതിരോധാക്രമണസഖ്യം ഉണ്ടാക്കുകയും ചെയ്തു.' കേരളചരിത്രം P. 263, ഏ. ശ്രീധരമേനോൻ, M. A, A. M. (ഹാവാർഡ്). 'സാമൂതിരിയുടെ വികസിച്ചുവരുന്ന ശക്തിയെ തടഞ്ഞുകൊണ്ടും കൊച്ചി രാജാവിനെ പോർട്ടുഗീസു രാജാവിന്റെ നിസഹായനായ ഒരു സാമന്തനെന്ന നിലയിലേക്ക് താഴ്ത്തിക്കൊണ്ടും സ്വന്തം വാണിജ്യതാല്പര്യങ്ങളുടെ ഭദ്രതയ്ക്കുവേണ്ടി...........' Ibid P. 284.

ഇങ്ങനെ തന്നെ ദീർഘകാലം അടിമത്വത്തിൽ അമർത്തിവച്ചിരുന്ന സാമൂതിരിയിൽനിന്ന് മോചനം നൽകിയ മിത്രത്തോടുള്ള നന്ദിയേക്കാൾ പിൽക്കാലത്ത് ആ മോചനദാതാക്കൾ തന്നെ കൊണ്ടെത്തിച്ച 'നിസഹായനായ ഒരു സാമന്ത'നെന്ന

പരിതാപകരമായ നാമമാത്ര രാജവാഴ്ച, പറങ്കികളുടെ ഏതാജ്ഞയും നിറവേറ്റുവാൻ സദാ സന്നദ്ധനായിരിക്കേണ്ട അടിമരാജവാഴ്ച മാത്രമുണ്ടായിരുന്ന കൊച്ചിരാജാവും കൊച്ചിയുടെ സാമന്തനായ ആലങ്ങാടും കൊച്ചിയിലെ പറങ്കി ഗവർണറുടെയും മറ്റും ആജ്ഞയാൽ ഗാർഷ്യയുടെ ആഗ്രഹം സാധിച്ചുകൊടുത്തിരിക്കാം. അല്ലാതെ നാം ഇതിനുപരി കണ്ട രേഖകൾപ്രകാരം അർക്കദിയാക്കോൻ ഈ പിഴശിക്ഷക്ക് അർഹനല്ല. ആ രാജാക്കൻമാർ സ്വയം അതിനു മുതിരുവാൻ ശങ്കയുള്ളവരുമായിരുന്നു. മറുവശം നോക്കിയാൽ കപടമാനസനും ക്രിസ്തീയശ്രേഷ്ഠാചാര്യത്വപദവിയെ തന്റെ ദുഷ്പ്രവർത്തികൾകൊണ്ട് കളങ്കപ്പെടുത്തുകയും നസ്രാണികളോട് സദാ ശത്രുതയും നിന്ദാമനോഭാവവും പുലർത്തുകയും ചെയ്ത ഫ്രാൻസിസ് ഗാർഷ്യ ശിക്ഷാർഹനായിരുന്നു.

ഈ പറയുന്നവിധം അർക്കദിയാക്കോൻ ശിക്ഷിക്കപ്പെട്ടോ? ശിക്ഷിക്കപ്പെട്ടു എന്ന് പിൽ

ജെയിക്കബ് തോമസ്,
നടുവിലേക്കര

കാലത്ത് തോമ്മാ അർക്കദിയാക്കോന്റെ വ്യക്തിത്വത്തെ താറടിക്കുവാൻ കെട്ടിച്ചമക്കപ്പെട്ട പല കള്ളക്കഥകളുംവച്ചു നോക്കുമ്പോൾ ഇത് അവഗണന അർഹിക്കുന്ന ഒരു നിന്ദ്യപ്രസ്താവനയാകുവാനാണ് സാദ്ധ്യത. അഥവാ ശിക്ഷിക്കപ്പെട്ടു എങ്കിൽ ആ ധീരദേശാഭിമാനിക്കുണ്ടായ പീഡനങ്ങളുടെയും യാതനകളുടെയും എണ്ണം വർദ്ധിക്കുന്നു. തന്റെ മാഹാത്മ്യത്തിന്റെ മാററ് ഏറുന്നു എന്നുമാത്രം.

### നസ്രാണികത്തനാരൻമാരുടെ യോഗം

അർക്കദിയാക്കോന്റെ അദ്ധ്യക്ഷതയിൽ കത്തനാരൻമാരുടെ ഒരു സമ്മേളനം ചേർന്നു. അതിൽ സുപ്രധാനമായ ചില തീരുമാനങ്ങൾ എടുത്തു.

1. ഗാർഷ്യ നിയമിക്കുന്ന കത്തനാരൻമാരെ ഒരു ഇടവകയിലും സ്വീകരിക്കരുത്. ഗാർഷ്യയുടെ കല്പനകൾ ഒരു പള്ളിയിലും വായിക്കരുത്.
2. ഓരോ ഇടവകയിലും പഴയ മാമൂൽ പ്രകാരം കത്തനാരൻമാർ കർമ്മം നടത്തുകയും വരുമാനം വീതിച്ചെടുക്കുകയും ചെയ്യണം.
3. അർക്കദിയാക്കോന്റെ നിയമനകല്പന ഇല്ലാത്ത കത്തനാരൻമാരെ പള്ളികളിൽ സ്വീകരിച്ചുകൂടാ.

ഈ തീരുമാനങ്ങൾ ശരിവച്ചുകൊണ്ടാണ് തെക്കുംകൂറിലേയും കൊച്ചിയിലേയും മറ്റും രാജാക്കൻമാർ ഈ തീരുമാനങ്ങൾ പ്രകാരം നടന്നുകൊള്ളുവാൻ കല്പനകൾ പുറപ്പെടുവിച്ചത്. ഇതിനുശേഷം അർക്കദിയാക്കോൻ വടക്കൻ ദിക്കുകളിലേക്ക് മടങ്ങിച്ചെല്ലുമ്പോൾ സ്ഥിതിഗതികൾ തനിക്ക് പ്രതികൂലമായാണ് കണ്ടത്. തൃപ്പൂണിത്തുറ നടമേൽ, കരിങ്ങാചിറ എന്നീ പള്ളികളിലും ചുറ്റുപാടുമുള്ള കത്തനാരൻമാരെ തന്റെ സെക്രട്ടറിമൂലം രാജകീയസ്വാധീനം നേടി ഗാർഷ്യ വശപ്പെടുത്തിയിരുന്നു.

എന്നാൽ ഗാർഷ്യയുടെ ഭാഷയിൽ '4 പണം' അല്ലെങ്കിൽ കേവലം 'ഒരു പണം' കൊടുത്താൽ രാജാവിന്റെ സ്വാധീനം വിലയ്ക്കുവാങ്ങാമായിരുന്നു. അർക്കദിയാക്കോൻ ഈ അവസരത്തിൽ രാജസ്വാധീനം വീണ്ടെടുത്ത് ഗാർഷ്യ നിയമിച്ചവരെ നീക്കിയിട്ട് അവരിൽ ചിലരെ തടവുകാരാക്കുകയും കുര്യാളക്കത്തനാരെ കരിങ്ങാച്ചിറയ്ക്കും കോരുളക്കത്തനാരെ നടമേൽ സെന്റ് ജോർജ് പള്ളിയ്ക്കും നിയമിച്ചു.

ഗാർഷ്യായുടെ ഹർജിപ്രകാരം അർക്കദിയാക്കോന് 2000 പണം പിഴയിട്ട കൊച്ചിരാജാവ് അടുത്ത മാസത്തിലോ ആഴ്ചകൾക്കകമോ ഗാർഷ്യക്കെതിരായി ഗാർഷ്യാപക്ഷക്കാരെ തടവിലാക്കുകയും അവരെ ഭരണത്തിൽനിന്ന് വിലക്കിനീക്കുകയും ചെയ്തുവെന്ന് പറങ്കിരേഖകൾപ്രകാരം ഇതേ പ്രബന്ധങ്ങളിൽ തുടർച്ചയായി വായിക്കുമ്പോൾ എന്തൊക്കെയോ സംശയങ്ങൾ തോന്നുന്നു. കൂടാതെ കേവലം '4 പണം' 'ഒരു പണം' കൊണ്ട് കൊച്ചിരാജാവിനെ സ്വാധീനിക്കാം എന്ന് ഗാർഷ്യ പറയുന്നതും ഗൗരവാവഹവും നിന്ദ്യവുമായ ആരോപണമാണ്. അക്കാലത്തെ പ്രബുദ്ധരായ നസ്രാണികത്തനാരൻമാരുടെ ദേശീയബോധവും അവരിലെ ബഹുഭൂരിപക്ഷത്തിനും തങ്ങളുടെ ജാതിത്തലവനോടുള്ള പരമ്പരാഗത കൂറും ബഹുമാനവും അവർ രാജകോപത്തെ അവഗണിച്ചും തന്ത്രപൂർവ്വവും പുലർത്തിയിരുന്നു എന്ന സത്യത്തെ പറങ്കികൾ തങ്ങളുടെ കൈവെള്ളയിൽ ഒതുക്കി ഏതുവിധവും ചലിപ്പിച്ചിരുന്ന കൊച്ചിരാജാവിനേയും മറ്റും തങ്ങളുടെ തങ്കക്കാശ് ചാക്കുകളിൽനിന്ന് വാരിയിട്ടുകൊടുത്ത് വേണ്ടിടത്തെല്ലാം ഒപ്പുകുത്തിച്ച് രേഖകളുണ്ടാക്കിയിട്ട് '4 പണം, ഒരു



# മിഷൻ പരിശീലനകേന്ദ്രം: പ്രതീക്ഷയും യാഥാർത്ഥ്യവും

ഫാ. ഓ. തോമസ്, പ്രിൻസിപ്പൽ സെന്റ് പോൾസ് മിഷൻ സെന്റർ

മാവേലിക്കര സെന്റ് പോൾസ് മിഷൻ പരിശീലനകേന്ദ്രത്തിലെ 5-ാം ബാച്ചിന്റെ പരിശീലനത്തിനായി അപേക്ഷ ക്ഷണിച്ചുകൊണ്ടുള്ള അറിയിപ്പ് ഇതിനോടകം സഭാമക്കളുടെ ശ്രദ്ധയിൽ പെട്ടിരിക്കുമെന്ന് കരുതുന്നു. ഈ ത്രിവൽസര കോഴ്സിന്റെ പഠനം പൂർത്തിയാക്കിയവർ ഇപ്പോൾ എന്തുചെയ്യുന്നു, അവരുടെ സേവനം സഭ എങ്ങനെ പ്രയോജനപ്പെടുത്തുന്നു എന്ന് അറിയിക്കുകയാണ് ഈ ലേഖനോദ്ദേശം.

പണം കോഴയ്ക്ക് വഴങ്ങുന്നവർ' എന്നുപറഞ്ഞ് അവഹേളിക്കുന്ന ഗാർഷ്യയേയും ഇതര ജസ്യൂട്ടുകളേയുംപറ്റി നാം ഇന്ന് എതുവിധം ചിന്തിക്കണം. അവർ സ്വർഗരാജ്യത്തിന്റെ വക്താക്കളോ പറങ്കിസാമ്രാജ്യത്തിന്റെ വിപുലീകരണത്തിന് ക്രിസ്തുമതം എന്ന ആയുധവാഹകരായ ആട്ടിൻതോലിട്ട ചെന്നായ്ക്കളോ? ക്രിസ്തുമത പ്രചരണത്തേക്കാൾ പറങ്കിസാമ്രാജ്യത്തിന്റെ വിപുലീകരണോപകരണങ്ങളായിരുന്നു ജസ്യൂട്ടുകൾ.

അക്കാലങ്ങളിൽ സാമ്പത്തികമായി പറങ്കികളാൽ ഞെരുക്കപ്പെട്ടിരുന്ന നസ്രാണിജാതിത്തലവൻ തങ്കപ്പണച്ചാക്കുകളായിരുന്ന പറങ്കികൾക്കെതിരെ രാജസ്വാധീനത്തിനായി തങ്കപ്പണം വാരിയെറിഞ്ഞിരുന്നു എന്ന് പറയുന്ന മററ് പറങ്കിനിർമ്മിത ചരിത്രഗ്രന്ഥങ്ങൾ വേറെയുണ്ട്. സ്വന്തജാതിക്കുവേണ്ടി സർവ്വവും പരിത്യജിച്ച് ജീവിതാർപ്പണം ചെയ്ത ഒരു ജാതിത്തലവൻ, ശ്രേഷ്ഠാചാര്യൻ നീചനും നിന്ദ്യനുമായിരുന്നു എന്ന് തന്റെ സ്വന്തജനത്തിന്റെ മൂന്നു ശതകം പിന്നിട്ട സന്തതികളെ തെററിദ്ധരിപ്പിക്കുവാൻതക്ക ദീർഘവീക്ഷണത്തോടെ അന്നുമുതൽ ഇന്നുവരെ നിശിതമസ്തിഷ്കമൂശകളിൽനിന്ന് വാർത്തെറിയപ്പെട്ടിട്ടുള്ള തേജോവധപ്രസ്ഥാനം ഒട്ടെല്ലാം വിജയിച്ചിട്ടുണ്ട് എന്നു സമ്മതിക്കാതെ തരമില്ല.

[അത്യാവശ്യമായ പല സഭാവാർത്തകളും ഉൾപ്പെടുത്തേണ്ടിവന്നതിനാൽ കഴിഞ്ഞ ഏതാനും ലക്കങ്ങളിൽ ഈ ചരിത്രപംക്തി ഉൾപ്പെടുത്തുവാൻ സാധിക്കാതെ വന്നതിൽ ഖേദിക്കുന്നു.
പത്രാധിപർ]

പരിശീലനം പൂർത്തിയാക്കിയ 3 ബാച്ചുകളിൽ സർട്ടിഫിക്കററ് നേടിയതു 31 പേരാണ്. അതിൽ 5 പേർ പ്രവർത്തനങ്ങളിൽനിന്നും പൂർണ്ണമായി വിട്ടുപോയി. ബാക്കി 26 പേർ വിവിധ സേവനരംഗങ്ങളിൽ പ്രവർത്തിക്കുന്നു. ഒരാൾ വൈദികനായി. 6 പേർ സ്ളീബാദാസ സമൂഹത്തിലും 6 പേർ പുതുപ്പാടി ആശ്രമത്തോട് ബന്ധപ്പെട്ടുകൊണ്ട് പുതുപ്പാടിയിലും ആന്ധ്രയിലുമായി സേവനം അനുഷ്ടിക്കുന്നു. 8 പേർ തടാകം, ഭിലായ്, നെയ്യാററിൻകര, കർമ്മേൽ ദയറ എന്നിവിടങ്ങളിൽ ജീവകാരുണ്യ പ്രവർത്തനങ്ങൾ ചെയ്യുന്നു. ഇങ്ങനെ അവർ സഭയുടെ സ്ഥാപനങ്ങളുമായി

**ഭക്തിവാക്യങ്ങൾ**

പരിശുദ്ധാത്മാവ്

'ആത്മാവിന്റെ ഫലമോ, സ്നേഹം, സന്തോഷം, സമാധാനം, ദീർഘക്ഷമ, ദയ, പരോപകാരം, വിശ്വസ്തത, സൗമ്യത, ഇന്ദ്രിയജയം.'

ഗലാ. 5: 22, 23.

ബന്ധപ്പെട്ട് പ്രവർത്തിക്കുന്നു. ബാക്കി 5 പേർ പ്രാദേശികമായി സുവിശേഷസംഘങ്ങളുടെ പ്രവർത്തനത്തിന് നേതൃത്വം കൊടുക്കുന്നു. ഇതിൽ പകുതിയിലേറെപേർ തങ്ങളുടെ ശുശ്രൂഷയോടൊപ്പം ഉപരിപഠനത്തിലും ഏർപ്പെട്ടിരിക്കുന്നു.

ഇനി ഈ പരിശീലന പദ്ധതിയെക്കുറിച്ചുള്ള ചിലരുടെ ആശങ്കയിലേക്ക് കടക്കാം. അവയിൽ പ്രധാനം ഈ വിദ്യാർത്ഥികളുടെ ഭാവിയെപററി ഉള്ളതാണ്. 'ഉണ്ണാനും ഉടുപ്പാനും ഉണ്ടെങ്കിൽ മതി എന്നു വെക്കുക' എന്ന പൗലോസ് ശ്ലീഹായുടെ പ്രമാണം അനുസരിച്ച് ആ നിലയിലെങ്കിലും ജീവിക്കാം എന്നുള്ള ഉറപ്പ് ഈ സുവിശേഷകർക്ക്

യായി കൊച്ചന്നാമ്മ മത്തായി എന്നിവരും തെരഞ്ഞെടുക്കപ്പെട്ടു. അടുത്ത സമ്മേളനം 1988 മെയ് മാസത്തിൽ ദ്വിദിനസമ്മേളനമായി നടത്തുവാനും തീരുമാനിച്ചു. ആയതിന്റെ ആതിഥേയത്വം കൊല്ലം ഭദ്രാസനം ഏറ്റെടുത്തു. ഈ വർഷത്തെ സമ്മേളനം നിരണം ഭദ്രാസന മെത്രാപ്പോലീത്തായുടെ ആതിഥേയത്തിലായിരുന്നു നടന്നത്.

## അനിൽ പുന്നൂസ്



അഖിലമലങ്കര അടിസ്ഥാനത്തിൽ നടന്ന സണ്ടേസ്കൂൾ മത്സരപരീക്ഷയിൽ 10-ാം ക്ലാസിൽ 1-ാം സ്ഥാനം നേടിയ കല്ലുങ്കത്ര മണലേൽ സെ. ജോർജ് സണ്ടേസ്കൂൾ വിദ്യാർത്ഥി (K. S. E. B. ചെങ്കുളം പവർഹൗസിലെ സബ് എഞ്ചിനീയറായ അയ്മനം നടുവിലേക്കരയിൽ എൻ. പി. എബ്രഹാമിന്റെ പുത്രൻ) അനിൽ പുന്നൂസ്. കോട്ടയം സി. എം. എസ്. കോളജ് പ്രീഡിഗ്രി വിദ്യാർത്ഥിയായ അനിൽ പുന്നൂസ് മലങ്കരസഭാ മാസികയുടെ ഒരു ആയുഷ്ക്കാല മെമ്പർ കൂടിയാണ്. ഏപ്രിൽ 5-ാം തീയതി മണലേൽ സെ. ജോർജ് പള്ളിയിൽവച്ച് വികാരി ഫാ. തോമസ് ഐസക്കിന്റെ അദ്ധ്യക്ഷതയിൽ കൂടിയ അനുമോദനസമ്മേളനത്തിൽ സണ്ടേസ്കൂൾ ഡയറക്ടർ ജനറൽ വെരി. റവ. സി. വി. ജോർജ് കോറെപ്പിസ്കോപ്പാ, സണ്ടേസ്കൂൾ ഓഫീസ് സെക്രട്ടറി ശ്രീ. സി. യു. മാത്യു, കോട്ടയം ഡിസ്ട്രിക്ട് സണ്ടേസ്കൂൾ ഇൻസ്പെക്ടർ പി. ജോൺ ചെറിയാൻ, അദ്ധ്യാപകപ്രതിനിധി എബ്രഹാം പി. ജോൺ എന്നിവർ പ്രസംഗിച്ചു. ഇടവകവകയായി അനിലിന് 501 രൂപാ കാഷ് അവാർഡും ഷീൽഡും നൽകി.

## ബിബി സൂസൻ ആബി



സണ്ടേസ്കൂൾ ഉത്തരമേഖല പ്രസംഗമത്സരത്തിൽ (സീനിയേഴ്സ്) ഒന്നാം സ്ഥാനം നേടിയ അങ്കമാലി ഭദ്രാസനത്തിൽ കോടനാട്ട് സെ. തോമസ് സണ്ടേസ്കൂൾ വിദ്യാർത്ഥിനി ബിബി സൂസൻ ആബി.

സൂസൻ പ. ഔഗേൻ ബാവായുടെ സഹോദരപുത്രൻ കോടനാട്ട് മാർ ഔഗേൻ ഹൈസ്കൂൾ ഹെഡ്മാസ്റ്റർ ഫാ. സി. കെ. എബ്രഹാമിന്റെ മകളാണ്.

## സ്മിതാ കുര്യൻ കുമ്പുക്കാട്ട്



സണ്ടേസ്കൂൾ സഹപാഠ്യമത്സരങ്ങളിൽ 3 സോണുകളിൽ നിന്ന് ഏറ്റവും കൂടുതൽ പോയിന്റ് കരസ്ഥമാക്കി 1985-ലും 86-ലും വ്യക്തിഗത ചാമ്പ്യൻഷിപ്പ് കരസ്ഥമാക്കിയ സ്മിത കുര്യൻ.

സ്മിത സ്കൂൾ യുവജനോത്സവത്തിൽ 1986-ലും 87-ലും കഥാപ്രസംഗത്തിനും ഇംഗ്ലീഷ് പദ്യം ചൊല്ലലിനും 'A' ഗ്രേഡോടെ ഒന്നാം സ്ഥാനം കരസ്ഥമാക്കിയിട്ടുണ്ട്.

സുൽത്താൻബത്തേരി സെന്റ് മേരീസ് കോളേജ് പ്രൊഫസർ കെ. റ്റി. കുര്യന്റെ ഏകമകളാണ് സ്മിത.



## പട്ടംകൊട



വാഴൂർ മാടംകുന്നേൽ ഡീക്കൻ എം. കെ. ഫിലിപ്പിന് ദേവലോകം അരമനചാപ്പലിൽവച്ച് മാർച്ച് 28-ാം തീയതി പ. കാതോലിക്കാബാവായുടെ മഹനീയ സാന്നിദ്ധ്യത്തിൽ അഭിവന്ദ്യ ഗീവർഗീസ് മാർ ഈവാനിയോസ് മെത്രാപ്പോലീത്താ കശീശാപട്ടവും ചെങ്ങമനാട്ടു ബേഥലഹേം ആശ്രമാംഗവും വൈദികസെമിനാരി വിദ്യാർത്ഥിയുമായ ബ്രദർ കെ. സഖറിയായിക്ക് ശ്രേഷ്ഠനിയുക്ത കാതോലിക്കാ മത്യൂസ് മാർ കൂറീലോസ് തിരുമേനി മാർച്ച് 25-ാം തീയതി ചെങ്ങമനാട് ബേഥലഹേം ആശ്രമചാപ്പലിൽവച്ച് ശെമ്മാശുപട്ടവും നല്കി.

## ഫാ. വി. ഓ. ഏലിയാസ്



ക്നാനായ ഭദ്രാസനത്തിൽപ്പെട്ട വെളിയനാട്ടു ബേതലഹേം ഇടവകയിൽ വലിയപറമ്പിൽ ഡീക്കൻ വി. ഓ. ഏലിയാസിന് യൂഹാനോൻ മാർ സേവേറിയോസ് മെത്രാപ്പോലീത്താ കശീശാപട്ടം നൽകി. വെളിയനാട് ബേതലഹേം പള്ളികമ്മറ്റി മെമ്പർ, വൈ. എം. സി. ഏ. ബോർഡു മെമ്പർ, കെ. ജി. പി. റ്റി. യു. ജില്ലാ ഓഡിറ്റർ എന്നീ രംഗങ്ങളിൽ പ്രവർത്തിച്ചിട്ടുള്ള ഒരു അദ്ധ്യാപകൻ കൂടിയായ ഇദ്ദേഹം ഇടുക്കി ഭദ്രാസനത്തിൽ പുറ്റടി സെ. മേരീസ് പള്ളിവികാരിയായി സേവനം അനുഷ്ഠിക്കുന്നു.

## റ്റി. സഖറിയാ മാണി



റ്റി. സഖറിയ മാണി I. R. S. മദ്രാസ് ഇൻകംടാക്സ് കമ്മീഷണർ ആയി നിയമിതനായി. ഇദ്ദേഹം തിരുവനന്തപുരം, കോട്ടയം എന്നിവിടങ്ങളിൽ ഇൻകം ടാക്സ് ഓഫീസറായും, നാഗപ്പൂർ ഇൻകംടാക്സ് ട്രെയിനിംഗ് ഇൻസ്റ്റിറ്റൂട്ടിൽ അസി. ഡയറക്ടറായും, കോഴിക്കോട്, എറണാകുളം, മദ്രാസ് എന്നിവിടങ്ങളിൽ അസി. കമ്മീഷ്ണറായും ജോലി ചെയ്തിട്ടുണ്ട്. കോട്ടയം തട്ടുങ്കൽ കുടുംബാംഗമാണ് മി. സഖറിയാ മാണി.

## വാർഷികസമ്മേളനം

കൊല്ലം റ്റി.കെ. എം. എഞ്ചിനിയറിംഗ് കോളജിലെ എം. ജി. ഓ. സി. എസ്. എം. യൂണിറ്റിന്റെ വാർഷികസമ്മേളനം ശ്രേഷ്ഠ നിയുക്ത കാതോലിക്കാ മത്യൂസ് മാർ കൂറിലോസ് തിരുമനസ്സിലെ അദ്ധ്യക്ഷതയിൽ പ്രൊ. കെ. കെ. വർക്കിയുടെ ഭവനത്തിൽവച്ച് നടത്തി. ഈ വർഷം പഠനം പൂർത്തിയാക്കി പോകുന്ന വിദ്യാർത്ഥികൾക്ക് യാത്രഅയപ്പും സമ്മേളനത്തിൽവച്ച് നല്കി. മി. ജേക്കബ് ജോൺ, പ്രൊ. എം. സി. പീലിപ്പോസ്, ബിജേഷ് രാജൻ, എബ്രഹാം വർഗീസ്, മറിയാമ്മ തോമസ് എന്നിവർ പ്രസംഗിച്ചു. പിരിഞ്ഞുപോകുന്ന വിദ്യാർത്ഥികളെ പ്രതിനിധീകരിച്ച് മി. ഉമ്മൻ വർഗീസ് മറുപടി

പറഞ്ഞു. അടുത്ത വർഷത്തേക്ക് ജേക്കബ് ജോൺ (സെക്രട്ടറി), മിസ്. മറിയാമ്മ തോമസ് (ജോ. സെക്രട്ടറി), ഏബ്രഹാം മാത്യു (ട്രഷറാർ) എന്നിവരെ തെരഞ്ഞെടുത്തു.

## ഗർബോ ഞായറാഴ്ച

### ആന്ധ്രയിലെ ബാലഗ്രാമിൽ കുട്ടികൾക്കു പ്രവേശനം നൽകി.

വലിയനോമ്പിലെ കുഷ്ഠരോഗികളുടെ (ഗർബോ)ഞായറാഴ്ച കുഷ്ഠരോഗികൾക്ക് നമ്മുടെ രക്ഷകനായ കർത്താവു നൽകിയ സൗഖ്യത്തെ വർഷങ്ങളായി ഓർത്തുകൊണ്ടിരുന്നു എങ്കിലും കുഷ്ഠരോഗികൾക്കുവേണ്ടി കാര്യമായ പ്രവർത്തനങ്ങൾ ഒന്നും ചെയ്യുവാൻ നമുക്ക് സാധിച്ചിരുന്നില്ല. ക്രിസ്തുമസ്, ഉയിർപ്പ് മുതലായ പ്രത്യേക സന്ദർഭങ്ങളിൽ ചില സംഘടനകൾ നൂറനാട്ടും പുത്തൻകുരിശിലും മററുചില സ്ഥലങ്ങളിലും ഭക്ഷണപ്പൊതികളും വസ്ത്രങ്ങളും മററും നൽകുന്ന ചില പരിപാടികൾ ഈ സമയം വിസ്മരിക്കുന്നില്ല.

ലോകത്തുള്ള ഒന്നരക്കോടി കുഷ്ഠരോഗികളിൽ 35 ലക്ഷവും ഈ ഭാരതത്തിലാണ്. ഈ മാരകമായ രോഗത്തിൽനിന്നും ഏതാനും പേരേ എങ്കിലും രക്ഷിച്ചെടുക്കുവാനുള്ള പ. സഭയുടെ ദൗത്യത്തിന്റെ ഭാഗമാണ് ആന്ധ്രയിൽ തുടങ്ങിയിരിക്കുന്ന ബാലഗ്രാം. ഇതിൽ ഒരു കുട്ടിയെ ചെങ്ങന്നൂർ ഭദ്രാസനത്തിലെ കുട്ടികൾ സ്പോൺസർ ചെയ്ത് അതിനാവശ്യമായ തുക അയച്ചുകൊടുത്തിട്ടുള്ളതാണ്.

1987 മാർച്ച് 8–ന് ലളിതമായ ഒരു ചടങ്ങിൽ വെച്ച് കുഷ്ഠരോഗികളുടെ രോഗമില്ലാത്ത അഞ്ചു കുട്ടികൾ അടങ്ങുന്ന ആദ്യബാച്ചിന് പ്രവേശനം നൽകി ഹൈദ്രബാദ് പള്ളി വികാരി ഫാ. ററി. വി. ജോൺ ചടങ്ങിൽ അദ്ധ്യക്ഷത വഹിച്ചു. മേജർ ചാക്കോ, മിസിസ് ഏലിസബേത്ത് എന്നിവർ പ്രസംഗിച്ചു. ബാലഗ്രാം ഡയറക്ടർ ഫാ. കെ. ഐ. ഫിലിപ്പ് സ്വാഗതവും ട്രഷറർ ഏ. ററി. മാത്യു നന്ദിയും പറഞ്ഞു. ധാരാളം പേർ ചടങ്ങിൽ സംബന്ധിച്ചിരുന്നു.

ബാലഗ്രാം കെട്ടിടം പണികൾ പൂർത്തിയായി വരുന്നു. കെട്ടിടകൂദാശയും ഔപചാരികമായ ഉത്ഘാടനവും 1987 ജൂൺ 14–ാം തീയതി നടത്തുവാൻ നിശ്ചയിച്ചിരിക്കുകയാണ്. വളരെയേറെ പ്രവർത്തനസാദ്ധ്യതയുള്ള ഈ സ്ഥാപനത്തെ പ്രാർത്ഥനയിൽ ഓർക്കുക. കുഷ്ഠരോഗികളുടെ രോഗമില്ലാത്ത കുട്ടികളെ സഹായിക്കുവാൻ അഭ്യർത്ഥിക്കുന്നു.

വിശദവിവരങ്ങൾക്ക് ഫാ. കെ. ഐ. ഫിലിപ്പ്, സെ. ഗ്രീഗോറിയോസ് ബാലഗ്രാം, യാച്ചാരം പി. ഒ., (via) ഇബ്രാഹീം പട്ടൺ, രംഗറെഡ്ഡി ഡിസ്ട്രിക്ട്, ആന്ധ്രാപ്രദേശ് എന്ന വിലാസത്തിൽ എഴുതുക.

## ഏകദിനസമ്മേളനം

മദ്രാസ് റീജനിലുള്ള പള്ളികളിലെ വൈദികരുടെയും സണ്ടേസ്കൂൾ അദ്ധ്യാപകരുടെയും ഒരു ഏകദിനസമ്മേളനം നമ്മുടെ മദ്രാസ് സെ. തോമസ് മൗണ്ട് പള്ളിയിൽവച്ചു നടന്നു. റവ. ഡോ. എം. ഏ. മത്തായി ബൈബിൾക്ലാസസും മോഡൽ ക്ലാസസും എടുത്ത് സമ്മേളനത്തിനു നേതൃത്വം വഹിച്ചു.

സെ. തോമസ് കത്തീഡ്രൽ വികാരി ഫാ. ജോർജ് വർഗീസ് സമ്മേളനം ഉത്ഘാടനം ചെയ്തു.

ഫാ. പി. ററി. ചെറിയാൻ സ്വാഗതവും ഡയറക്ടർ എൻ. ഐ. തോമസ് കൃതജ്ഞതയും പ്രകാശിപ്പിച്ചു.

പ്രാർത്ഥനയോടുകൂടെ 4 മണിക്ക് സമ്മേളനം അവസാനിച്ചു. ബാഹ്യകേരള സൺഡേസ്കൂൾ പ്രവർത്തനം ശക്തമാക്കേണ്ടതിന്റെ ആവശ്യകത ചർച്ചാവേളയിൽ പലരും എടുത്തുകാട്ടി.

## പള്ളി കൂദാശ

നവീന മാതൃകയിൽ മനോഹരമായി പണികഴിപ്പിച്ച കാരാപ്പുഴ ഗീവർഗീസ് മാർ ഗ്രീഗോറിയോസ് ചാപ്പലിന്റെ കൂദാശ മാർച്ച് 28, 29 എന്നീ തീയതികളിൽ പ. കാതോലിക്കാബാവാ തിരുമനസ്സിലെ പ്രധാന കാർമ്മികത്വത്തിലും മാത്യൂസ് മാർ കൂറിലോസ്, പീലിപ്പോസ് മാർ തേയോഫിലോസ്, ഗീവർഗീസ് മാർ ഈവാനിയോസ് എന്നീ തിരുമേനിമാരുടെ സഹകരണത്തിലും നടത്തി. തേയോഫിലോസ് മെത്രാപ്പോലീത്താ പ്രസംഗിച്ചു.

പാമ്പാടി മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്താ സ്ഥാപിച്ച ഈ ചാപ്പലിൽ ഇപ്പോഴത്തെ പ. കാതോലിക്കാബാവായും മാർ ഈവാനിയോസ് തിരുമേനിയും വികാരിമാരായിരുന്നിട്ടുണ്ട്. ഇപ്പോഴത്തെ വികാരി ഫാ. ഡോ. എം. ഏ. മത്തായി ആണ്. മാർ ഈവാനിയോസ് മെത്രാപ്പോലീത്താ വികാരി ആയിരുന്നപ്പോഴാണ് പുതിയ പള്ളിപണി ആരംഭിച്ചത്. അദ്ദേഹത്തിന്റെ പരിശ്രമഫലമായാണ് ഏഴുലക്ഷം രൂപാ ചെലവായ ഈ പള്ളി ഇത്ര ഭംഗിയായി പണികഴിപ്പിക്കുന്നതിന് ഇടയായിട്ടുള്ളത്.



## പിതാക്കന്മാരുടെ ഓർമ്മ







കാലംചെയ്ത പാമ്പാടി മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്താ തിരുമനസ്സിലെ ഓർമ്മപ്പെരുനാൾ ഏപ്രിൽ 4, 5 തീയതികളിൽ പാമ്പാടി ദയറായിലും പുത്തൻകാവു മാർ പീലക്സീനോസ് മെത്രാപ്പോലീത്തായുടെ ഓർമ്മ ഏപ്രിൽ 20, 21 തീയതികളിൽ പുത്തൻകാവുപള്ളിയിലും പൗലൂസ് മാർ സേവേറിയോസ് മെത്രാപ്പോലീത്തായുടെ ഓർമ്മ ഏപ്രിൽ 13, 14 തീയതികളിൽ കൊരട്ടി സെമിനാരിയിലും കൊണ്ടാടി.

## സൂര്യനെല്ലിയിൽ

മൂന്നാർ സെ. മേരീസ് ഓർത്തഡോക്സ് പള്ളിയുടെ ഒരു ഔട്ട്റീച്ച് പ്രോഗ്രാം ആയി ഫാ. ജോർജ് പട്ടളാട്ട്, സഭാദിനമായ ഏപ്രിൽ 5–ാം തീയതി സൂര്യനെല്ലിയിൽ ആദ്യമായി വി. കുർബാന അർപ്പിച്ചു. ഓർത്തഡോക്സ് സഭാംഗങ്ങളും ഇതര സഭാംഗങ്ങളുമായി 100 പേരോളം സംബന്ധിച്ചു. സൂര്യനെല്ലി ഓർത്തഡോക്സ് കോൺഗ്രിഗേഷൻ രൂപീകരിക്കുവാനും തുടർന്ന് മൂന്നു മാസത്തിലൊരിക്കൽ വി. കുർബാന അർപ്പിക്കുവാനും ഉള്ള നടപടികൾക്ക് പ്രാരംഭമിട്ടു.

## കെ. സി. ഉമ്മൻ കോറെപ്പിസ്ക്കോപ്പാ

ഓർത്തഡോക്സ് സഭാ സുന്നഹദോസ് ഓഫീസ് സെക്രട്ടറി വെ. റവ. കെ. സി. ഉമ്മൻ കോറെപ്പിസ്ക്കോപ്പാ ഏപ്രിൽ 1–ാം തീയതി വിദേശപര്യടനത്തിനു പുറപ്പെട്ടു. 5–ാം തീയതി (കാതോലിക്കാ ദിനം) അദ്ദേഹം ബോംബെ ദാദർ പള്ളിയിൽ വി. കുർബാന അർപ്പിച്ചു. ഓശാനഞായറാഴ്ച ജർമ്മനിയിലും ഹാശായുടെ മററു ശുശ്രൂഷകൾ ആസ്ട്രിയായിൽ വിയന്നായിലും നടത്തി. റവ. ഡീക്കൺ എം. ഓ. ജോണിന്റെ അതിഥിയായിട്ടാണ് വിയന്നായിൽ ഒരാഴ്ച താമസിച്ചത്. 22–ാം തീയതി ന്യൂയോർക്കിൽ എത്തി. റവ. ഫാ. പി. എസ് ശമുവേലിന്റെ അതിഥിയായി താമസിച്ചുകൊണ്ട് അമേരിക്കയിലെയും കാനഡായിലെയും വിവിധ സ്ഥലങ്ങൾ ബ. അച്ചൻ സന്ദർശിക്കും. മടക്കയാത്രയിൽ ഇംഗ്ളണ്ടും സന്ദർശിച്ചശേഷം ജൂൺ അവസാനത്തോടുകൂടി തിരിച്ചെത്തും.

## ഏകദിനധ്യാനം

ചെങ്ങന്നൂർ ഭദ്രാസനത്തിലെ മർത്തമറിയം വനിതാസമാജത്തിന്റെ ഏകദിനധ്യാനം ഏപ്രിൽ 11–ാം തിയതി കൂരമ്പാല സെൻ്റ് തോമസ് ഓർത്തഡോക്സ് പള്ളിയിൽവച്ച് നടത്തി. റവ. ഫാ. പൗലൂസ് OIC ധ്യാനത്തിനു നേതൃത്വം നൽകി.

## സുവിശേഷസംഘം സമ്മേളനം

സെ. പോൾസ് സുവിശേഷസംഘം കുണ്ടറ ഡിസ്ട്രിക്ട് സമ്മേളനം മാർച്ച് 12 മുതൽ 14 വരെ ഗീവർഗീസ് മാർ ഒസ്താത്തിയോസ് മെത്രാപ്പോലീത്തായുടെ നേതൃത്വത്തിൽ കുണ്ടറ സെൻ്റ്


### MATRIMONIAL

Alliance for a widowed Orthodox girl 27, fair, slim, beautiful M. A. seeks re-marriage. Has one girl child 5 years. Child sufficiently rich. No need of financial assistance.

Correspondence to:

Box 151
C/o Malankara Sabha
Kottayam–686038

തോമസ് സെഹിയോൻ പള്ളിയിൽവച്ച് നടത്തി. മാർ ഒസ്താത്തിയോസ് തിരുമേനിയും ഡീക്കൻ സി. കെ. കുര്യനും പ്രസംഗിച്ചു. 14-ാം തീയതി ഒസ്താത്തിയോസ് തിരുമനസുകൊണ്ട് വി. കുർബാന അർപ്പിച്ചു. തുടർന്ന് തിരുമനസുകൊണ്ട് ബൈബിൾ ക്ലാസ് എടുത്തു. പി. ജി. ജോർജ് മാവേലിക്കര, വി. വർഗീസ് തിരുവനന്തപുരം എന്നിവർ ധ്യാനപ്രസംഗം നടത്തി. ഉച്ചകഴിഞ്ഞു നടന്ന പൊതുസമ്മേളനത്തിൽ മാർ ഒസ്താത്തിയോസ് തിരുമേനി അദ്ധ്യക്ഷത വഹിച്ചു. ഫാ. കെ.സി. മാത്യൂസ് (വികാരി) സ്വാഗതം പറഞ്ഞു. റവ. ഫാ. കെ. റ്റി. വർഗീസ്, മാത്യു തോമസ്, മാസ്റ്റർ കിഷോർ മാത്യു, കുമാരി സിൽവിയാ കെ. കോശി എന്നിവർ പ്രസംഗിച്ചു. ഈ സമ്മേളനത്തിൽ വിവിധ യൂണിറ്റുകളിൽനിന്ന് 400 പ്രതിനിധികൾ സംബന്ധിച്ചിരുന്നു.

### സ്മാരകം നിർമ്മിക്കുന്നു

1942-ൽ ആരംഭിച്ച മാവേലിക്കര വഴുവാടി എം. ജി. എം. ഓർത്തഡോക്സ് സിറിയൻ ക്രിസ്ത്യൻ അസോസ്യേഷൻ അംഗങ്ങൾ ഓ. എസ്. സി. എ. ഹാളിൽ ജി. ചെറിയാന്റെ അദ്ധ്യക്ഷതയിൽ കൂടി ഭാവിപ്രവർത്തനങ്ങൾക്ക് ഭാരവാഹികളെ തെരഞ്ഞെടുത്തു. അസോസ്യേഷൻ പ്രവർത്തനങ്ങൾ മേലിൽ വഴുവാടി മാർ ബസേലിയോസ് ഓർത്തഡോക്സ് പള്ളിയുമായി ബന്ധപ്പെട്ട് നടത്തുവാനും അസോസിയേഷന്റെ കനകജൂബിലി സമുചിതമായി ആഘോഷിക്കുവാനും അതിനോടനുബന്ധിച്ച് ഒരു സ്മാരകം നിർമ്മിക്കുവാനും തീരുമാനിച്ചു. ശ്രീ. മത്തായി ജോസഫ് വിലനിലം സ്വാഗതം ആശംസിക്കുകയും കെ.സി. ചെറിയാൻ കൃതജ്ഞത പ്രകാശിപ്പിക്കുകയും ചെയ്തു.

### പ്രതിജ്ഞ എടുത്തു

മലങ്കര ഓർത്തഡോക്സ് ചർച്ച് നാഷണൽ അസോസിയേഷൻ ഫോം മിഷൻ സ്റ്റഡീസിന്റെ (NAMS) നാലാമതുയോഗം ഭിലായ് മിഷ്യൻ സെന്ററിൽ ചേർന്ന് പ്രതിജ്ഞ എടുത്തു.

'എൻ. ഏ. എം. എസിന്റെ അംഗങ്ങളായ ഞങ്ങൾ ഈ യോഗങ്ങളിൽനിന്നും പഠനങ്ങളിൽനിന്നും ലഭിച്ച ഉൾക്കാഴ്ചയുടെ ഫലമായി പ്രേഷിതവൃത്തിക്കുവേണ്ടി നിരന്തരം പ്രാർത്ഥിക്കുമെന്നും ഞങ്ങളുടെ ദശാംശത്തിന്റെ ഒരു വിഹിതം കേരളത്തിനു വെളിയിലുള്ള മിഷ്യൻ പ്രവർത്തനങ്ങൾക്കുവേണ്ടി ചെലവാക്കുമെന്നും വേണ്ടിവന്നാൽ കേരളത്തിനു പുറത്തുള്ള ഈശ്വരശുശ്രൂഷാപ്രവർത്തനങ്ങളിൽ പങ്കുചേരുമെന്നും വിശിഷ്യാ ഭിലായ്, ആന്ധ്രാ, തടാകം തുടങ്ങിയ മിഷ്യൻ പ്രവർത്തനങ്ങളുടെ ആവശ്യകതയും പ്രാധാന്യവും സംബന്ധിച്ച് സഭാംഗങ്ങളെ ബോധവാൻമാരാക്കാൻ വേണ്ടതു ചെയ്യുമെന്നും പ്രതിജ്ഞ ചെയ്യുന്നു.'

## അപേക്ഷകൾ ക്ഷണിക്കുന്നു

മലങ്കര എക്യുമെനിക്കൽ എഡ്യൂക്കേഷൻ സൊസൈററിയുടെ ചുമതലയിൽ
നടത്തുന്നതും പരിശീലനാനന്തരം ജോലിസാദ്ധ്യതയുള്ളതുമായ നഴ്സറി/പ്രീ-
പ്രൈമറി ടീച്ചേഴ്സ് ട്രെയിനിംഗ് കോഴ്സിന്റെ അടുത്ത ബാച്ച് തിരുവല്ലാ,
കോഴഞ്ചേരി, റാന്നി, എരുമേലി, കൊട്ടാരക്കര, ചെറുവക്കൽ (ആയൂർ), ആലപ്പുഴ,
മഞ്ചേരി, ഒലവക്കോട്, കോഴിക്കോട് എന്നീ സെൻററുകളിൽ ജൂണിൽ ആരംഭിക്കു
ന്നു. കുറഞ്ഞ പരീക്ഷായോഗ്യത S. S. L. C. കുറഞ്ഞ ചിലവിലുള്ള ഹോസ്ററൽ
സൗകര്യം. ബ. പള്ളിവികാരിമാർ, സംഘടനകൾ എന്നിവർ ശുപാർശ ചെയ്യുന്ന 25
വനിതകൾക്കായിരിക്കും പ്രവേശനം.

താൽപര്യമുള്ളവർ അപേക്ഷാഫാറത്തിന് ഏഴു രൂപാ (Rs. 7) റെക്ടർ,
മലങ്കര എക്യുമെനിക്കൽ എഡ്യൂക്കേഷൻ സൊസൈററി, തിരുവല്ലാ, കോഴ
ഞ്ചേരി P. O., പത്തനംതിട്ട ജില്ല എന്ന വിലാസത്തിൽ അപേക്ഷിക്കേണ്ടതാണ്.

N. B. ഇപ്പോൾ പരീക്ഷയ്ക്ക് എഴുതിയിട്ടുള്ളവർക്കും അപേക്ഷിക്കാം.



### ഫാ. ദാനിയേൽ പുല്ലേലി

മലങ്കര ഓർത്തഡോക്സ് ബാലസമാജം ജന
റൽ സെക്രട്ടറിയായി കുടശ്ശനാട് പുല്ലേലിൽ
ഫാ. സി. ദാനിയേലിനെ പ. കാതോലിക്കാബാ
വാ നിയമിച്ചിരിക്കുന്നു. ബാലസമാജം പ്രസി
ഡണ്ട് അഭിവന്ദ്യ തോമസ് മാർ അത്താനാസിയോ
സ് തിരുമേനി ഈ വിവരം എല്ലാ പള്ളികളേയും
അറിയിച്ചു.



ഓർത്തഡോക്സ് ക്രൈസ്തവ യുവജനപ്രസ്ഥാനം കൊല്ലം ഭദ്രാസന കമ്മററി അംഗമായി തെരഞ്ഞെടുക്കപ്പെട്ട റോയി ഡി. ഫിലിപ്പ് കായംകുളം.

### റിഫ്രഷർ കോഴ്സ്

സെ. തോമസ് ഓർത്തഡോക്സ് വൈദിക
സംഘത്തിന്റെ ആഭിമുഖ്യത്തിൽ നടത്തുന്ന വൈദി
ക റിഫ്രഷർ കോഴ്സ് ഈ വർഷം മെയ് 18 മുതൽ
22 വരെ കോട്ടയം പഴയസെമിനാരിയിലെ സോഫി
യാ സെൻററിൽവച്ച് നടത്തുന്നതാണ്.

ഇതിൽ ഇടയലേഖനങ്ങളെപ്പററിയും വചന
ശുശ്രൂഷയെപ്പററിയും ഫാ. ററി. ജെ. ജോഷ്വാ,
ഇതര മത
രക്ഷ ക്രിസ്തീയവിശ്വാസത്തിലും, പരിശുദ്ധാ
ത്മാവിലും—ഫാ. ജേക്കബ് കുര്യൻ,
ത്മാവും സഭാജീവിതവും—ഫാ. ഡോ. വി. സി.
ശമുവേൽ, ശുശ്രൂഷാസംവിധാനവും ആരാധനാ
ഗീതങ്ങളും—ഫാ. എൻ. കെ. കോരുതു മല്പാൻ,
പ്രവാചകരും സാമൂഹ്യനീതിയും ഒസ്താത്തി
യോസ് മെത്രാപ്പോലീത്താ, കുമ്പസാരവും കൗൺ
സലിംഗും—ഫാ. ഓ. തോമസ്, മലങ്കരസഭാചരി
ത്രം 15-ാം നൂററാണ്ടുവരെ—ഡോ. സി. വി. ചെറി
യാൻ, വി. കുർബാന— ഫാ. ഡോ. എം. എ.
മത്തായി എന്നിവർ ക്ലാസുകൾ എടുക്കും.

19-ാം തീയതി രാവിലെ 11 മണിക്ക് കോഴ്സിന്റെ ഉദ്ഘാടനം അഭിവന്ദ്യ കൂറിലോസ് തിരുമേനി നിർവഹിക്കും. 22-ാം തീയതി സമാപനസമ്മേളനത്തിൽ പ. ബാവാ തിരുമേനി അദ്ധ്യക്ഷം വഹിക്കും.

### ശിലാസ്ഥാപനം

കൊച്ചി ഭദ്രാസന ആസ്ഥാനമായ കൊരട്ടി സെമിനാരി ചാപ്പൽ പുതുക്കി പണികഴിപ്പിക്കുന്നതിന്റെ ശിലാസ്ഥാപനകർമ്മം മാർച്ച് 14-ാം തീയതി വി. കുർബാനയെ തുടർന്ന് ഇടവക മെത്രാപ്പോലീത്താ യൂഹാനോൻ മാർ സേവേറിയോസ് മെത്രാപ്പോലീത്താ നിർവഹിച്ചു.

### റവ. ഫാ. ററി. സി. ജേക്കബ്
### 11-ാം ചരമവാർഷികം
### 15-4-1987



മലങ്കരസഭാ മാസികയുടെ ചീഫ് എഡിററായും ദേവലോകം അരമനയുടെ മാനേജരായും ദീർഘകാലം സേവനം അനുഷ്ഠിച്ച് 15-4-76 ൽ നിര്യാതനായ ബ. ററി. സി. ജേക്കബച്ചന്റെ പാവനസ്മരണയ്ക്കു മുമ്പിൽ 'മലങ്കരസഭയുടെ' ആദരാജ്ഞലികൾ.

## രജതജൂബിലി

കുന്നംകുളം ഭദ്രാസനത്തിൽപെട്ട ചൊവ്വന്നൂർ സെ. ഗ്രീഗോറിയോസ് പള്ളിയുടെ രജതജൂബിലി മാർച്ച് 7, 8 തീയതികളിൽ ആഘോഷമായി കൊണ്ടാടി. 7–ാം തീയതി ശനിയാഴ്ച പള്ളിയിൽ എത്തിച്ചേർന്ന പ. ബാവാതിരുമേനിക്ക് സമുചിതമായ ഒരു സ്വീകരണം നൽകി. സന്ധ്യാപ്രാർത്ഥനക്കുശേഷം പ. ബാവാ ആശിർവാദം നടത്തി.

8–ാം തീയതി ഞായറാഴ്ച പ. ബാവാതിരുമേനിയും മാർ പക്കോമിയോസ്, മാർ മിലിത്തിയോസ് എന്നീ തിരുമേനിമാരും ചേർന്ന് വി. മൂന്നുമ്മേൽ കുർബാന അർപ്പിച്ചു. തുടർന്ന് ജൂബിലി സ്മാരക മന്ദിരത്തിന്റെ ശിലാസ്ഥാപനം പ. ബാവാതിരുമേനി നിർവഹിച്ചു.

ഉച്ചകഴിഞ്ഞ് ചേർന്ന പൊതുസമ്മേളനത്തിൽ പ. ബാവാതിരുമേനി അദ്ധ്യക്ഷം വഹിച്ചു. മാർ പക്കോമിയോസ്, മാർ മിലിത്തിയോസ്, തൊഴിയൂർ ഇടവകയുടെ മാർ കൂറിലോസ് എന്നീ മെത്രാപ്പോലീത്താമാരും ഫാ. പീറ്റർ ചെറുവത്തൂർ, ഫാ. മത്തായി OIC, കെ. എസ്. നാരായണൻ നമ്പൂതിരി MLA എന്നിവരും ആശംസാപ്രസംഗം നടത്തി. കെ. സി. സൈമൺ കൃതജ്ഞത പ്രകാശിപ്പിച്ചു. തുടർന്ന് വിവിധ കലാപരിപാടികളും ഉണ്ടായിരുന്നു. ഈ പള്ളിയുടെ വികാരിയായി ഫാ. ജോർജ് കണ്ണേറ്റാത്ത് സേവനമനുഷ്ടിക്കുന്നു.

## ബാലസമാജം കേന്ദ്രക്കമ്മററി

ബാലസമാജം കേന്ദ്രക്കമ്മററിയുടെ വാർഷികയോഗം ഏപ്രിൽ 13–ാം തീയതി ബഥേൽ അരമനയിൽ സമാജം പ്രസിഡണ്ട് തോമസ് മാർ അത്താനാസ്യോസ് തിരുമനസിലെ അദ്ധ്യക്ഷതയിൽ കൂടി കഴിഞ്ഞ വർഷത്തെ വരവുചെലവുകൾ അംഗീകരിച്ചു. ബാലസമാജത്തിന്റെ പ്രവർത്തനങ്ങൾ എല്ലാ ഡിസ്ട്രിക്ടുകളിലും ഓർഗനൈസർമാരെ നിയമിക്കണമെന്നും മേഖലാടിസ്ഥാനത്തിൽ ലീഡർഷിപ്പ് ട്രെയിനിംഗ് ക്യാമ്പും ഓണാവധിക്കാലത്ത് പ്രസംഗ പരിശീലനക്ലാസും പ്രസംഗമത്സരവും പൂജാവധിക്കാലത്ത് വാർഷിക ക്യാമ്പും നടത്തണമെന്നും തീരുമാനിച്ചു.

പ. കാതോലിക്കാബാവായുടെ ജന്മദിനം എല്ലാ വർഷവും ബാലസമാജ യൂണിററുകളിൽ ആഘോഷിക്കണമെന്നും കമ്മററി തീരുമാനിച്ചു.

ബാലസമാജത്തിന്റെ നിലവിലുള്ള ഭരണഘടനക്ക് ആവശ്യമായ ഭേദഗതികൾ വരുത്തുന്നതിന് നിർദേശങ്ങൾ സമർപ്പിക്കുവാൻ ജനറൽ സെക്രട്ടറി, മുൻ സെക്രട്ടറി ഫാ. തോമസ് മുട്ടുവേലിൽ, ശ്രീ. കെ. ജി. ദാനിയേൽ എന്നിവരെ നിയോഗിച്ചു. ജൂലൈ മാസത്തിനു മുമ്പ് റിപ്പോർട്ട് സമർപ്പിക്കത്തക്കവണ്ണം കമ്മററി അംഗങ്ങൾ അവരവർക്കുള്ള നിർദേശങ്ങൾ മേയ് 20–ാം തീയതിക്കു മുമ്പായി ജനറൽ സെക്രട്ടറിയെ ഏല്പിക്കണമെന്നും തീരുമാനിച്ചു.

സ്ഥാനം ഒഴിഞ്ഞുപോകുന്ന സെക്രട്ടറി ഫാ. തോമസ് മുട്ടുവേലിയുടെ സേവനങ്ങളെ വിലയിരുത്തി പ്രസിഡണ്ട് തിരുമേനിയും ഫാ. ദാനിയേൽ പുല്ലേലിയും പ്രസംഗിച്ചു. ഫാ. സമുചിതമായി മറുപടി പറഞ്ഞു. പ്രാർത്ഥനയോടുകൂടി ഒന്നര മണിക്ക് കമ്മററിമീററിംഗ് അവസാനിച്ചു.

### മദ്ധ്യസ്ഥതയാലുള്ള ഉപകാരസ്മരണയ്ക്ക്



ഒരു വിശ്വാസി, പത്തനംതിട്ട.



മറിയാമ്മ. ഇട്ടിച്ചെറിയ.



# ബൈബിൾ പഠനം

ഡി. എം. സി. ചെറിയാൻ

**പാഠം 54**
**2 തെസ്സലൊനിക്യർ**
വിജയിയുടെ പേരും വിലാസവും
പേര്. പി. വി അച്ചാമ്മ
വിലാസം. M. B. C. Home മഞ്ഞപ്ര.
ഭദ്രാസനം. കൊച്ചി
രജി. നമ്പർ 96

**പാഠം 57**
**തീത്തോസ്**
പ്രവേശനഫാറം
പേര് ..........................................
വിലാസം ......................................
ഭദ്രാസനം ....................................
രജി: നമ്പർ ....................

### പാഠം 54 A (ഉത്തരം)

1. 47
2. 3 (2 തെസ. തീത്തോസ്, 2 പത്രോസ്)
3 3 (പൗലോസ്, സില്‌വാനൊസ്, തിമോഥെയോസ്)
4. 3 (1: 1,2; 2: 17)
5 9 (1: 1,2 11; 2: 1,14,16; 3: 6,12,18)
6 4 (1: 6,7,11; 2: 8)
7 3 (1: 2,11; 3: 18)
8 2 (1: 3; 3: 2)
9. 7 (1: 2; 2: 1,13,15; 3: 1,6,13)
10 2 (1: 7,10)
11. 52

### ശരി ഉത്തരം അയച്ചുതന്നവർ

1 പി. വി. അച്ചാമ്മ, മഞ്ഞപ്ര.
2. അനിൽ പുന്നൂസ്, അയ്മനം.
3 രാജു പി. വറുഗീസ്, ബോംബെ.
4 ലാഗ്സൺ, കുന്നംകുളം.
5 ചിന്നമ്മ ബേബി, കൊല്ലം.
6 മറിയാമ്മ തോമസ്, ഭോപ്പാൽ.
7. വി. ജെ. ററി. കുന്നന്താനം.
8 ലൈബി വറുഗീസ്, കുന്നന്താനം.
9 കോശി മത്തായി, നന്ദിനി.
10. ആനി ബേബി, വിരാവൽ.
11. ശോശാമ്മ തോമസ്, മെഴുവേലി.
12. സാറാമ്മ തോമസ്, മലാട്.
13 ററി. എസ്. ജോൺ, തുമ്പമൺ.
14 റേച്ചൽ ഡാനിയേൽ, ബോംബെ.
15. കെ. എം. തോമസ്, മദ്രാസ്.
16 മാത്യു തോമസ്, ഭോപ്പാൽ.
17. മാത്യു വറുഗീസ്, സീതത്തോട്.
18. പുഷ്പ ജോർജ്, ചെങ്ങന്നൂർ.
19. ഗ്രേസ് പി. മാത്യു, ചെങ്ങന്നൂർ.
20 ഷാജി വറുഗീസ്, പെരിങ്ങനാട്.
21 പി. ററി. കുര്യൻ, പാററ്ന.
22 ലിസി ജോൺ, ററം.
23. കെ. വി. ഏബ്രഹാം, കനകപ്പലം.
24. ഏ. കുഞ്ഞമ്മ, കൊല്ലം.
25 വി. സി. മാത്യു, പുനലൂർ.
26. പി. സി. ചെറിയാൻ, ദുർഗ്.
27. റേച്ചൽ ചാക്കോ, ആനിക്കാട്.
28. തോമസ് വറുഗീസ്, കൊടുമൺ.
29. മോളി മാത്യൂസ്, നാരങ്ങാനം.
30 ഡോ. ഏലിയാമ്മ ഐസക്, പുത്തൂർ.
31. തങ്കമ്മ ഈപ്പൻ, നിരണം.
32. ജി. കുട്ടി, ചെറിയനാട്.
33. രാജശേഖരൻ, വിജയപുരം.
34. അമ്മിണി ചെറിയാൻ, തൃപ്പൂണിത്തുറ.

### B ആഗമനനാളുകൾ

1. ലാഗ്സൺ, കുന്നംകുളം.
2. കോശി മത്തായി, നന്ദിനി.
3. ഷാജി വറുഗീസ്, പെരിങ്ങനാട്.

# 'മലങ്കരസഭ'യുടെ ആയുഷ്ക്കാലവരിക്കാർ (തുടർച്ച)

| | |
|---|---|
| വ. ഗി. ശ്രീ. പൂവത്തൂർ | |
| കോശി കോറെപ്പിസ്ക്കോപ്പാ | ഷിക്കാഗോ |
| റവ. ഫാ. സി. കെ. ഐസക്ക് | പുളിന്താനം |
| റവ. സിസ്റ്റർ ജൂഡിത്ത് | ഡീമാപ്പൂർ |
| കെ. ഐ. തമ്പി | പഴഞ്ഞി |
| ജോളി ജോർജ് | കുന്നംകുളം |
| സാജു റ്റി. മാത്യു | ,, |
| ബിനു ഇട്ടൂപ്പ് | ,, |
| കെ. എം. വറുഗീസ് | മലാഡ്, ബോംബെ |
| എ. കെ ജോയി | ,, |
| കെ. ഓ. ഏബ്രഹാം | ,, |
| സി. ഒ. ജോൺ | ,, |
| പി. എസ്. തോമസ | ,, |
| ഏബ്രഹാം നഫ്താലി | ,, |
| ഏ. കെ. ഉമ്മൻ | ,, |
| കെ. വി. മാത്യു | ,, |
| കോശി വറുഗീസ് | മലാഡ്, ബോംബെ |
| വി. എ. ഐസക്ക് | ,, |
| ജോൺ ഐ. തെക്കേക്കര | ,, |
| പി. സി. ചെറിയാൻ | ,, |
| ജോൺ മാണി | ,, |
| ഏ പി. ജെ ർജ് | ,, |
| പി. റ്റി. തോമസ് | ,, |
| എം. സി. വറുഗീസ് | ,, |
| പി. റ്റി. മത്തായി | ,, |
| ഏബ്രഹാം മാത്യു | ,, |
| ജോർജ് എ . ചെറിയാൻ | ,, |
| കെ. ജി. വറുഗീസ് | ,, |
| ജേ ജേക്കബ് ജോൺ | ,, |
| സെ. തോമസ് യൂത്ത് ലീഗ് | ,, |

(തുടരും)

4. ലിസി ജോൺ, മററം.
5. ഡോ. ഏലിയാമ്മ ഐസക്, പുത്തൂർ.

### പാഠം 57
### തീത്തൊസ്

1. ആകെ വാക്യം എത്ര?
2. തീത്തൊസിനെ ക്രേത്തയിൽ വിട്ടേച്ചുപോന്ന ത് എത്ര കാര്യങ്ങൾക്ക്?
3. മൂപ്പൻെറ യോഗ്യതകൾ എത്ര?
4. അദ്ധ്യക്ഷൻെറ ഗുണങ്ങൾ എത്ര?
5. വൃദ്ധൻമാരുടെ ഗുണങ്ങൾ എത്ര?
6. യുവതികളുടെ ഗുണങ്ങൾ എത്ര?
7. ഉപദേശത്തിൽ എത്ര കാര്യങ്ങൾ ഉണ്ടായിരി ക്കണം?
8. മുമ്പെ നാം എത്ര കാര്യങ്ങൾ ഉള്ളവരായി രുന്നു?
9. വഴക്കുണ്ടാക്കുന്നവന് എത്ര പ്രാവശ്യം ബു ദ്ധി പറഞ്ഞുകൊടുക്കണം?
10. 3–ാം അദ്ധ്യായത്തിൽ എത്രപേരുടെ പേര് പറയുന്നു?
11. ചോദ്യം 1-നോട് ചോദ്യം 2 കൂട്ടുക. അതിനെ ചോദ്യം 3 കൊണ്ട് ഹരിക്കുക. അതിനോട് ചോദ്യം 4 കൂട്ടുക അതിൽനിന്നും ചോദ്യം 5 കുറയ്ക്കുക. അതിനെ ചോദ്യം 7 കൊണ്ട് ഗുണിക്കുക. അതിൽനിന്നും ചോദ്യം 6 കുറ യ്ക്കുക. വീണ്ടും ചോദ്യം 8 കുറയ്ക്കുക. അതിനോട് ചോദ്യം 9 കൂട്ടുക. വീണ്ടും ചോദ്യം 10 കുറയ്ക്കുക. നിങ്ങളുടെ ഉത്തരം എത്ര?

പാഠം 5 —ൻെറ ഉത്തരവും, വിജയിയുടെ പേരും വിലാസവും, ഉത്തരം അയച്ചുതന്നവരുടെ പേരുകളും മുകളിൽ കൊടുത്തിട്ടുണ്ട്. ചോദ്യം ഇല്ലാത്ത ഭാഗത്തുനിന്നും ചോദ്യം ഉണ്ടാക്കുന്നതു പ്രയാസം. അങ്ങിനെയുള്ള ചോദ്യത്തിൻെറ ഉത്തരം കണ്ടുപിടിക്കുന്നത് അതിലും ശ്രമകരം. പിൻമാറാതെ ഉത്തരം അയക്കുന്ന എല്ലാവരും വെളിപാടുപുസ്തകംവരെ ക്ഷമിച്ച് സഹകരിക്കും എന്നു വിശ്വസിക്കുന്നു. ഒററ അദ്ധ്യായം മാത്രമുള്ള പുസ്തകങ്ങൾ ഒന്നോ അതിലധികമോ ചേർത്തായിരിക്കും ചോദ്യം ഉണ്ടാക്കുക. ഒന്നുരണ്ടു ലക്കങ്ങളിൽ ബൈബിൾപഠനം ഇല്ലാതെ പ്രസിദ്ധീകരിക്കേണ്ടിവന്നു. പ്രാർത്ഥനയോടെ വേദപുസ്തകം വായിക്കുക. ശ്രദ്ധയോടെ ഉത്തരം കണ്ടുപിടിക്കുക. ശരിയോ എന്നു വീണ്ടും പരിശോധിച്ച് ഈ പാഠത്തിൻെറ ഉത്തരം അടുത്ത മാസം 15–ാം തീയതിയ്ക്കു മുമ്പായി ബൈബിൾ പഠനം, പാഠം 57, C/o Dn M. C. Cherian, Orthodox Student's Centre, Trivandrum–695001 എന്ന വിലാസത്തിൽ അയക്കുക.

Licence No. 475
11th APRIL 1946
Registered No. KL—KTM—38

THE MALANKARA S

Catholicate Office, Kottayam—686008

## FOR FAVOURS RECEIVED



**T. THOMAS & FAMILY
EDMONTON.**

Printed and published by Rev. Fr. T. G. Zacharia
For Orthodox Viswasa Paripalana Samathy, Kottayam
at the Catholicate Press, Kottayam-38
Chief Editor: Very. Rev. Ramban Dr. N. J. Thomas